2018 മാർച്ച് 25
വാല്യം 11
ലക്കം 06

# ബിലീവേഴ്സ് ജേണൽ

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2018 - 20 Price Rs: 10/- Pages: 08




# എല്ലാ കണ്ണുകളും ചെങ്ങന്നൂരിലേക്ക്

● ഷൈജു തോമസ്, ഞാറയ്ക്കൽ


ശ്രീ ഡി വിജയകുമാർ


ശ്രീ സജി ചെറിയാൻ


അഡ്വ. ശ്രീധരൻ പിള്ള

കേരളത്തിൽ വീണ്ടുമൊരു ഉപതിരഞ്ഞെടുപ്പിനു കൂടി കളമൊരുങ്ങുകയാണ്. മൂന്നണികൾക്കു ജീവന്മരണ പോരാട്ടമാവുന്ന ചെങ്ങന്നൂർ ഉപതിരഞ്ഞെടുപ്പിനായി പാർട്ടികൾ തയാറെടുത്തു. ചെങ്ങന്നൂർ എം.എൽ.എ ആയിരുന്ന ശ്രീ കെ.കെ.രാമചന്ദ്രൻ നായരുടെ വിയോഗത്തെ തുടർന്നുള്ള ഉപതിരഞ്ഞെടുപ്പു നടപടിക്രമങ്ങളിലേക്കു തിരഞ്ഞെടുപ്പു കമ്മീഷൻ നീങ്ങുന്നതെയുള്ളു. ഇലക്ഷൻ പ്രഖ്യാപനത്തിന് മുന്നമെ തന്നെ സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ച് കൊണ്ട് രാഷ്ട്രീയ പാർട്ടികൾ ചുവരെഴുത്തും പ്രചാരണവും ആരംഭിച്ചു കഴിഞ്ഞു. യുഡിഎഫ് സ്ഥാനാർത്ഥിയായി ശ്രീ ഡി വിജയകുമാറും, എൽഡിഎഫ് സ്ഥാനാർത്ഥിയായി ശ്രീ സജി ചെറിയാനും, എൻഡിഎ സ്ഥാനാർത്ഥിയായി അഡ്വക്കേറ്റ് ശ്രീധരൻ പിള്ളയുമാണ് മത്സര രംഗത്തുള്ളത്. ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ നഗരസഭ, ചെങ്ങന്നൂർ താലൂക്കിലെ ആല, ബുധനൂർ, ചെറിയനാട്, മാന്നാർ, മുളക്കുഴ, പാണ്ടനാട്, പുലിയൂർ, തിരുവൻവണ്ടൂർ, വെണ്മണി എന്നീ പഞ്ചായത്തുകളും, മണ്ഡല പുനർനിർണയത്തോടെ മാവേലിക്കര നിയോജകമണ്ഡത്തിലെ ചെന്നിത്തല- തൃപ്പെരുന്തുറ പഞ്ചായത്തും ആറൻമുള നിയോജകമണ്ഡലത്തിലെ മുളക്കുഴ പഞ്ചായത്തുമാണ് ചെങ്ങന്നൂർ മണ്ഡലം. തിരഞ്ഞെടുപ്പ് ഫലം എന്തു തന്നെ ആയിരുന്നാലും ഏത് മുന്നണി ജയിച്ചാലും സമകാലിന രാഷ്ട്രീയ ചരിത്രത്തിൽ വലിയ കോളിളക്കങ്ങൾ ഉളവാക്കുവാൻ പര്യാപ്തമാണ്. എൽഡിഎഫ് സർക്കാർ അധികാരത്തിൽവന്നശേഷം നടന്ന മലപ്പുറം ലോക്സഭാ മണ്ഡലത്തിലെയും വേങ്ങരയിലേയും പോലെയല്ല ചെങ്ങന്നൂർ. ചെങ്ങന്നൂർ വാശിയേറിയ മത്സരത്തിനുള്ള വേദിയായി. വർഷങ്ങളുടെ കാത്തിരിപ്പിനുശേഷം യുഡിഎഫിൽനിന്ന് തിരിച്ചുപിടിച്ച മണ്ഡലം നിലനിർത്തേണ്ടത് എൽഡിഎഫിന് അഭിമാനപ്രശ്നമാണ്. ഭരണത്തിന്റെ രണ്ടാം വർഷത്തിലേക്കു കടക്കുന്ന എൽഡിഎഫ് സർക്കാരിനു ഭരണത്തിന്റെ 'സൽപേര്' നിലനിർത്താൻ ചെങ്ങന്നൂർ അഭിമാനപോരാട്ടമാണ്. കേരളം ഭരിക്കുന്ന മുന്നണിക്ക് നേതൃത്വം കൊടുക്കുന്ന സിപിഎമ്മിന് ഈ തിരഞ്ഞെടുപ്പ് ഫലം ഭരണത്തിന്റെ വിലയിരുത്തലാകുമെന്നതാണു നിർണായകമാകുന്നത്. അതുകൊണ്ടാണ് ഏതു വിധേനയും ചെങ്ങന്നൂരിൽ ജയിക്കണമെന്ന സന്ദേശം നൽകി സിപിഎം ജില്ലാ സമ്മേളനം കഴിഞ്ഞു പിണറായി വിജയൻ മടങ്ങിയത്. പ്രദേശവാസി കൂടിയായ ജില്ലാ സെക്രട്ടറി സജി ചെറിയാനെ പരിഗണിക്കാനുള്ള കാരണവും അതാണ്. ലോക്സഭാ തിരഞ്ഞെടുപ്പിനു വേണ്ടി ഒരുങ്ങികൊണ്ടിരിക്കുന്ന യുഡിഎഫിന് തിരിച്ചുവരവിന്റെ ആദ്യ ചുവടായി. പ്രതിപക്ഷം ദുർബലമല്ലെന്നു തെളിയിക്കാൻ ചെങ്ങന്നൂർ ഫലം മാറണമെന്നു കോൺഗ്രസ് വിലയിരിത്തുന്നു. മോദി തരംഗം ആവർത്തിക്കുവാൻ ത്രിപുര പിടിച്ച സന്തോഷത്തിൽ നിൽക്കുന്ന ബിജെപിയുടെ കേന്ദ്ര നേതൃത്വം ആവശ്യപ്പെടുന്നതു ജയം മാത്രം. കഴിഞ്ഞ തിരഞ്ഞെടുപ്പിലെ മികച്ച പ്രകടനം നിലനിർത്താൻ ബിജെപിയും ശ്രമിക്കും. ഇതോടെ ഉരുത്തിരിയുന്നതു ശക്തമായ ത്രികോണ മത്സരം.

കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിനു ശേഷം ജെഡിയു, കേരള കോൺഗ്രസ്(എം)

02

## അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ടിനെ ഡോ. പി. എസ്. ഫിലിപ്പ് നയിക്കും

●പാസ്റ്റർ സാജൻ ഈശോ പ്ലാച്ചേരി


റവ. ഡോ. പി. എസ്. ഫിലിപ്പ്


ഡോ. ഐസക് വി. മാത്യു


പാസ്റ്റർ റ്റി. വി. പൗലോസ്


പാസ്റ്റർ എ. രാജൻ

**പുനലൂർ:** ഏ.ജി. മലയാളം ഡിസ്ട്രിക്ട് കൗൺസിൽ സൂപ്രണ്ട് ആയി റവ. ഡോ. പി. എസ്. ഫിലിപ്പ് തിരഞ്ഞെടുക്കപ്പെട്ടു. ഡോ. ഐസക് വി. മാത്യു (അസിസ്റ്റന്റ് സൂപ്രണ്ട്), പാസ്റ്റർ റ്റി. വി. പൗലോസ് (സെക്രട്ടറി), പാസ്റ്റർ എ. രാജൻ (ഖജാൻജി), പാസ്റ്റർ എം. എ. ഫിലിപ്പ് (കമ്മറ്റിയംഗം) എന്നിവരും തിരഞ്ഞെടുക്കപ്പെട്ടു.

മാർച്ച് മാസം 13നും 14നും സഭാ ആസ്ഥാനമായ പുനലൂരിൽ നടന്ന കോൺഫറൻസിലാണ് അടുത്ത ടേമിലേക്കുള്ള ഭരണസമിതി അംഗങ്ങളെ പ്രതിനിധികൾ

07

## വേദവിപരീത പഠനങ്ങൾ ശക്തിപ്പെടുമ്പോൾ സഭാനേതൃത്വത്തിന് മൗനം

ത്രിത്വം-ഏകത്വ വാദങ്ങളുടെ ചർച്ചയാണ് സാമൂഹ്യമാധ്യമങ്ങളിൽ ഇന്ന് സജീവമായിരിക്കുന്നത്. ഇത് യുണിറ്റേറിയൻ-ട്രിനിറ്റേറിയൻ വിഭാഗങ്ങൾ തമ്മിലല്ല ട്രിനിറ്റി വിശ്വസിക്കുന്ന ഔദ്യോഗികമായി പഠിപ്പിക്കുന്ന പരമ്പരാഗത പെന്തെക്കോസ്ത് സഭാവിഭാഗങ്ങൾക്കുള്ളിൽ ഒറ്റപ്പെട്ട ശബ്ദങ്ങളായി ചിലർ യേശുക്രിസ്തുവിന്റെ ദൈവത്വത്തെയും ട്രിനിറ്റേറിയൻ വിശ്വാസത്തെയും ചോദ്യം ചെയ്തുകൊണ്ട് രംഗത്ത് വരുന്നു.

ഡൽഹിയിലെ ഒരു ഐ.പി.സി. സഭയിലെ അംഗവും മണക്കാല എഫ്.റ്റി.എസ്. ഗ്രാജുവേറ്റുമായ ഒരു സഹോദരനാണ് യേശുക്രിസ്തു ദൈവമല്ല, യഹോവ എന്നാൽ പതിനഞ്ചോളം പേരുണ്ട്. നിരവധി പരിശുദ്ധാത്മാക്കളുണ്ട് എന്നൊക്കെയുള്ള വാദഗതികളോട് ഇംഗ്ലീഷും മലയാളവും ഹിന്ദിയും ഗ്രീക്കുമൊക്കെ ഉദ്ധരിച്ച് കഴിഞ്ഞ ഒന്നരക്കൊല്ലമായി സാമൂഹ്യമാധ്യമങ്ങളിൽ കളം നിറഞ്ഞ് നിന്നത്. ഇപ്പോൾ എബ്രായലേഖനം ദൈവവചനം അല്ല അതിന്റെ ലേഖകന് തെറ്റുപറ്റിയിട്ടുണ്ട് എന്നുള്ളതുമായ പുതിയ വാദഗതികളോടെ അദ്ദേഹത്തിന്റേതായി പുറത്തുവിട്ട വീഡിയോ വൈറലായിരിക്കുകയാണ്. ഇദ്ദേഹത്തിന് ശക്തമായ മറുപടി നൽകികൊണ്ട് നിരവധി കർത്തൃദാസന്മാർ രംഗത്ത് വരികയും പരാജയം നേരിട്ട് അദ്ദേഹം സംവാദമണ്ഡലം വിട്ടൊഴിഞ്ഞു. ഇത്രയേറെ കാര്യങ്ങൾ വഷളായിട്ടും സഭാ നേതൃത്വം ഇദ്ദേഹത്തെ തിരുത്താനോ മെമ്പർഷിപ്പ് ചോദ്യം ചെയ്യാനോ മുതിരാത്തത് അത്ഭുതമായിരിക്കുന്നു. പെന്തെക്കോസ്ത് സഭകൾക്ക് ഐക്യവേദിയെന്ന പേരിൽ നിരവധി കടലാസ് സംഘടനകളുണ്ട്. എന്നാൽ ഉപദേശവൈരുധ്യങ്ങൾ പഠിപ്പിക്കുവാൻ കൾട്ട് ദൈവശാസ്ത്രജ്ഞന്മാർ സഭയ്ക്കകത്ത് കടന്നാലും നേതാക്കന്മാർ മൗനം അവലംബിക്കുകയാണ്. അപ്പോൾത്തന്നെ ഉപദേശ വിഷയങ്ങൾ കൈകാര്യം ചെയ്യുവാൻ അറിയാത്തവരും വേദപുസ്തക പാണ്ഡിത്യം ഇല്ലാത്തവരും നടത്തുന്ന സംവാദങ്ങൾ സോഷ്യൽ മീഡിയയിൽ ഗുണത്തെക്കാൾ ഏറെ ദോഷം ഉണ്ടാക്കിക്കഴിഞ്ഞു.

## സാക്ഷി



വചനമറിയാത്തവരുടെ സംവാദങ്ങൾ സോഷ്യൽ മീഡിയയിൽ വർദ്ധിക്കുന്നു.

*മുറിവൈദ്യന്മാർ ആളെ കൊല്ലും എന്നു പറയുന്നത് ശരിയായി.*

## സൗദി രാജകുമാരൻ ക്രൈസ്തവ നേതാക്കളുമായി കൂടികാഴ്ച നടത്തി

പ്രകാശ് പി. കോശി



സൗദി കിരീടാവകാശിയും മന്ത്രിയുമായ മുഹമ്മദ് ബിൻ സൽമാൻ മാർച്ച് ആദ്യവാരം ആംഗ്ലിക്കൻ സഭയുടെ തലവനായ കാന്റർബറി ആർച്ച് ബിഷപ്പ് ജസ്റ്റിൻ വെൽബിയുമായി കൂടിക്കാഴ്ച നടത്തി. വഹാബി ചിന്താഗതിയിൽ നിന്ന് സൗദിയെ മിതവാദത്തിലേക്ക് കൊണ്ടുപോകാൻ ശ്രമിക്കുന്ന രാജകുമാരന്റെ ഈ നടപടി സൗദിയുടെ സാമൂഹ്യമത മേഖലയിൽ വലിയ മാറ്റത്തിന് കാരണമായേക്കാം. ആർച്ച് ബിഷപ്പിന്റെ വസതിയായ ലാമ്പെത്ത് പാലസിൽ രാജകുമാരൻ ഒരു മണിക്കൂറോളം ചർച്ച നടത്തി.

സൗദ്യ അറേബ്യയെ പുത്തൻ പാന്ഥാവിലേക്ക് നയിക്കുന്നതിനു വേണ്ടി രൂപകല്പന ചെയ്ത "വിഷൻ 2030" എന്ന പദ്ധതിയെപ്പറ്റി രാജകുമാരൻ ബിഷപ്പിനോട് സംസാരിച്ചു. വിവിധ മതവിശ്വാസങ്ങൾ വളരുവാൻ അനുകൂലമായ പരിസ്ഥിതി സൗദിയിൽ സൃഷ്ടിക്കുമെന്ന് രാജകുമാരൻ ബിഷപ്പിന് വാക്ക് കൊടുത്തു. യെമനിൽ സൗദിയുടെ നേതൃത്വത്തിൽ നടക്കുന്ന യുദ്ധത്തെപ്പറ്റിയും മനുഷ്യാവകാശലംഘനങ്ങളെപ്പറ്റിയും ആർച്ച് ബിഷപ്പ് ആശങ്ക രേഖപ്പെടുത്തി. അവിടുത്തെ പ്രശ്നങ്ങൾ അവസാനിപ്പിച്ച് സാധാരണ

07

ബിലീവേഴ്സ് ജേണൽ

പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്

ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ

വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്

ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു

മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്

ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി

സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ

കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു

മലബാർ കോർഡിനേറ്റർ
പാസ്റ്റർ ജോബിൻ കെ. ജോൺ

ബിലീവേഴ്സ് ജേണൽ
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 200 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ആയുഷ്കാലം: 2000 രൂപ
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
OFFiCE: 0469 2666995
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in


**അറിയിപ്പ്**

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ

# ദയാവധം ആവശ്യമോ അനാവശ്യമോ

## എഡിറ്റോറിയൽ



ബ്രദർ രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

പതിറ്റാണ്ടുകൾ നീണ്ട നിയമപോരാട്ടത്തിന് ഒടുവിലാണ് നിഷ്ക്രീയ ദയാവധം എന്ന പാസ്സിവ് യുദനേസ്യ ഭാരതത്തിൽ നിയമവിധേയമാകുന്നുത്. ഇൻഡ്യ പോലൊരു രാജ്യത്ത് ദയാവധം ആവശ്യമാണോ എന്ന ചോദ്യം എല്ലായിടത്തും നിന്നും ഉയരുന്നു. ഇന്നത്തെ ഏറ്റവും വലിയ ധാർമികപ്രശ്നങ്ങളിലൊന്നാണ് ദയാവധം അഥവാ യുതനേസിയ. ചികിത്സിച്ചു ഭേദപ്പെടുത്തി ജീവിതത്തിലേക്കു മടക്കിക്കൊണ്ടു വരാനാവാത്ത രോഗികളെ വേദനയിലും കഷ്ടപ്പാടിലും നിന്നു മോചിപ്പിക്കാനായി ബോധപൂർവം ജീവിതം അവസാനിപ്പിക്കുന്ന സമ്പ്രദായമാണ് ദയാവധം. രോഗിയുടെ സമ്മതത്തോടെയുള്ളതും സമ്മതം വാങ്ങാതെയും രോഗി അറിയാതെയുമുള്ളതുമായ ദയാവധരീതികളുണ്ട്. പ്രായപൂർത്തിയായ പൂർണ ആരോഗ്യമുള്ള വ്യക്തികൾ നിർബന്ധമോ പരപ്രേരണയോ കൂടാതെ സ്വന്തം നിലയ്ക്ക് തയ്യാറാക്കുന്നതാണ് മരണസമ്മതപത്രം. രണ്ട് സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ ഒപ്പിട്ടുവിച്ച് മജിസ്ട്രേറ്റ് സാക്ഷ്യപ്പെടുത്തുകയും വേണം.അങ്ങനെ രേഖാ മൂലം നേരത്തെ നല്കിയ സമ്മതപത്ര പ്രകാരവും രോഗിയുടെ അഭ്യർത്ഥന പ്രകാരവും ചികിൽസ ഒഴിവാക്കാൻ ബന്ധുക്കളും ഡോക്ടർമാരും ജില്ലാ കളക്ടറും ഹൈക്കോടതിയും ഉൾപ്പെടുന്ന അനുമതി സംവിധാനമാണ് നിഷ്ക്രീയ ദയാവധം. ദയാവധത്തിന് അനുമതി നൽകുന്നത് പ്രശ്നങ്ങൾക്ക് കാരണമാകമെന്നും അത് ദുരുപയോഗം ചെയ്യുവാൻ സാധ്യതയുണ്ടെന്നുമുള്ള കേന്ദ്രസർക്കാർ വാദങ്ങളെ തള്ളിയാണ് സുപ്രീംകോടതിയുടെ വിധിയുണ്ടായത്. സുപ്രീം കോടതി പുറപ്പെടുവിച്ച വിധിയിൽ പറയുന്നത്, ജീവിക്കാനുള്ള മൗലികാവകാശത്തിൽ, മരണം സുഗമവും അന്തസ്സുള്ളതുമാക്കാനുള്ള അവകാശവും ഉൾപ്പെടുന്നുവെന്നുവെന്നാണ്. ഭേദപ്പെടുത്താനാകാത്ത രോഗാവസ്ഥയിലുള്ളവർക്ക്, ദുരിതജീവിതം വലിച്ചുനീട്ടുന്നതിനുപകരം ചികിൽസ സ്വയം വേണ്ടെന്നുവയ്ക്കാമെന്നു വ്യക്തമാക്കിയ കോടതി, ചികിൽസയും കൃത്രിമ ജീവൻരക്ഷാ മാർഗങ്ങളും ഒഴിവാക്കുന്നതിനു കർശന മാർഗരേഖയും നിർദേശിച്ചു. നിഷ്ക്രിയ ദയാവധം ലോകത്ത് അമേരിക്ക, കാനഡ, മെക്സിക്കോ, ജപ്പാൻ ഉൾപ്പെടെയുള്ള രാജ്യങ്ങളെല്ലാം നിഷ്ക്രിയ ദയാവധം നിയമവിധേയമാക്കിയിട്ടുണ്ട്. ധാർമികത ഉയർത്തി ഏഷ്യൻ രാജ്യങ്ങളാണ് ദയാവധത്തിന് എതിരുനിന്നിരുന്നത്. ഇന്ത്യയിലും പ്രത്യേക കേസുകളിൽ സുപ്രീംകോടതിയുടെ അനുമതിപ്രകാരം നിഷ്ക്രിയ ദയാവധം നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ ഇന്ത്യയിൽ നിഷ്ക്രിയ ദയാവധം കർശന ഉപാധികളോടെ സുപ്രീം കോടതി നിയമവിധേയമാക്കിയത് 2018 മാർച്ച് 9 നാണ്.

1939–ൽ അഡോൾഫ് ഹിറ്റ്ലർ ആണ് യൂത്തനേഷ്യ പ്രോഗ്രാം ആരംഭിക്കുന്നത്. കിടപ്പിലായ രോഗികൾക്കും മാനസിക ആരോഗ്യം ഇല്ലാത്തവർക്കും ചികിത്സിച്ച് ഭേദപ്പെടുത്താൻ സാധ്യത ഇല്ലാത്തവർക്കും വേണ്ടി പണം ചെലവാക്കേണ്ടതില്ല എന്ന കാഴ്ചപ്പാട് കൊണ്ടാണ് ഇങ്ങനെയൊരു ആശയം രൂപപ്പെടുന്നത്. ബന്ധുക്കളുടെ സമ്മതം പോലും ഇല്ലാതെ നിരവധിപേരുടെ ജീവൻ ഇങ്ങനെ നഷ്ടപ്പെട്ടിട്ടുണ്ട്. ഇങ്ങനെ മരണമടഞ്ഞവരുടെ ശരീരഭാഗങ്ങൾ ഗവേഷണ ആവശ്യങ്ങൾക്കായി ഉപയോഗിച്ചിരുന്നു. 1941–ൽ ഔദ്യോഗികമായി ജർമനിയിൽ യൂത്തനേഷ്യ നിരോധിച്ചെങ്കിലും1945–ൽ നാസികൾ പരാജയപ്പെടുന്നത് വരെ അത് തുടർന്നു. ഏതാണ്ട് രണ്ട് ലക്ഷത്തിലധികം പേർ ഇങ്ങനെ മരണപ്പെട്ടിട്ടുണ്ട് എന്നാണ് കണക്കാക്കപ്പെടുന്നത്.ദയാവധം എന്ന പ്രയോഗം തന്നെ തെറ്റിദ്ധാരണ പരത്തുന്നതാണ്. ഇംഗ്ലീഷിൽ മേഴ്സി കില്ലിംഗ് എന്നാണ് ഉപയോഗിക്കുന്നത്. എന്നാൽ ഗ്രീക്ക് പദമായ യുതനേസ്യക്ക് നൻമരണം എന്നോ സുഖ്യാന്ത്യം എന്നും ആണ് അർത്ഥം. അതാണ് ഇപ്പോൾ ദയാവധത്തിന് വേണ്ടി വാദിക്കുന്നവർ ഉപയോഗിക്കുന്നത്, സുപ്രീം കോടതിയുടെ വിധിന്യായത്തിലും അന്തസ്സോടെ മരിക്കുവാൻ അനുവദിക്കുക എന്നാണ്. ഇൻഡ്യയിൽ കോമൺ കോസ് എന്ന സന്നദ്ധ സംഘടനയാണ് നിഷ്ക്രീയ ദയാവധത്തിന് അനുമതി തേടി പൊതു താല്പര്യ ഹർജി നല്കിയത്. 1973 നവം. 27 ന് ക്രൂരമാനഭംഗത്തിനിരയായി 42 വർഷം കോമയിൽ കഴിഞ്ഞിരുന്ന മുംബൈ സ്വദേശിയായ നഴ്സ് അരുണ ഷാൻ ബാഗിന് ദയാവധം അനുവദിക്കണമെന്നാവശ്യപ്പെട്ടുള്ള ഹർജിയാണ് ഇൻഡ്യയിൽ നിഷ്ക്രീയ ദയാവധത്തിനുള്ളതിൽ ആദ്യത്തേത്. അതിൽ ഭക്ഷണവും ചികിൽസയും നിർത്തലാക്കി ദയാവധമാർഗം സ്വീകരിക്കേണ്ടത് ആശുപത്രി അധികൃതരാണെന്നായിരുന്നു 2014 മാർച്ച് ഏഴിലെ സുപ്രീംകോടതി വിധി. എന്നാൽ, അരുണയെ മരണത്തിലേക്ക് തള്ളിവിടാൻ ഒരുക്കമല്ലെന്ന് വ്യക്തമാക്കി ആശുപത്രി അധികൃതർ അതിന് തയ്യാറായില്ല. ഒടുവിൽ ന്യുമോണിയ ബാധിച്ച് 2015 മെയ് 18 ലായിരുന്നു അരുണ ഷാൻ ബാഗിന്റെ മരണം. പഞ്ചാബ്കാരി ഗ്യാൻ കൗറിന് 1996 ൽ ദയാവധത്തിനുള്ള അവകാശം നിഷേധിച്ച കോടതി, ജീവിക്കാനുള്ള മൗലീകാവകാശത്തിൽ ദയാവധം ഉൾപ്പെടില്ലെന്നായിരുന്ന് വ്യക്തമാക്കിയിരുന്നു. ദയാവധത്തെക്കുറിച്ചുള്ള വാദപ്രതിവാദങ്ങളിൽ ഏറ്റവും ഉയർന്നുകേട്ടതും അരുണയുടേയും ഗ്യാൻ കൗറിന്റേയും പേരുകളും അതുമായി ബന്ധപ്പെട്ട കോടതി വിധികളുമായിരുന്നു. വ്യക്തിപരമായ വിധികൾക്ക് പകരം എല്ലാവർക്കും ബാധകമാകുന്ന പുതിയ കോടതി വിധിപുറത്തുവന്നതോടെ നിഷ്ക്രീയ ദയാവധത്തെ അനുകൂലിക്കുന്നവർ പറയുന്നത്. ദൈവശാസ്ത്രപരമായ പരമാർത്ഥ വാദസങ്കല്പങ്ങളുടെ അടിസ്ഥാനത്തിൽ മരണത്തെ പ്രകൃതിനിയമമോ ദൈവീകമായോ അംഗികരിക്കനാവില്ല കാരണം അത് ജനാധിപത്യത്തിലെ നിയമമല്ല. വ്യക്തികൾക്കാണ് പ്രധാന്യം. എല്ലാറ്റിലും ദൈവീകത കാണുമ്പോൾ വ്യക്തിയുടെ ശമനമില്ലാത്ത രോഗവും വേദനയും എല്ലാം ദൈവശാസ്ത്രത്തിന്റെയും, തത്വശാസ്ത്രത്തിന്റെയും അമൂർത്തസങ്കല്പങ്ങൾക്കും നിയമപരമായ യുക്തിചിന്തയ്ക്കും മുന്നിൽ പിന്നിലേക്കു തള്ളപ്പെടുന്നു എന്നതാണ് അതിലെ അപകടം. അമൂർത്തവും പരമാർത്ഥവാദപരവുമായ അത്തരം ധർമ സങ്കല്പങ്ങളുടെ പേരിൽ വ്യക്തിയുടെ സുഖജീവിതവും സ്വതന്ത്രേച്ഛയും ഉറപ്പുവരുത്താനുള്ള ഉത്തരവാദിത്വത്തിൽനിന്ന് ഭരണകൂടത്തിനും നീതിന്യായവ്യവസ്ഥയ്ക്കും ഒഴിഞ്ഞുമാറാനാവില്ല എന്നു വ്യക്തമാക്കുകയാണ് സുപ്രീംകോടതിയുടെ വിധി എന്നാണ്. എന്നാൽനമ്മുടെ നാട്ടിൽ ദയാവധം നിയമമാക്കുമ്പോൾ പതിയിരിക്കുന്ന വലിയ അപകടം അതിന്റെ ധാരാളമായ ദുരുപയോഗം ആയിരിക്കും എന്നതാണ്. ഇതുമൂലം അവഗണിക്കപ്പെടുന്നത് ജീവനും മാനുഷിക മൂല്യങ്ങളും ആയിരിക്കും. കാരുണ്യവധം നടത്താനുള്ള നിയമാനുവാദം നൽകണമെന്ന് വാദിക്കുന്നവർ അതൊരു ധാർമ്മിക പ്രശ്നമായി കാണുന്നില്ലാ എന്നതാണ് സത്യം. ഒരു വ്യക്തി തന്റെ സ്വതന്ത്രമായ തീരുമാനപ്രകാരം രൂപപ്പെടുത്തിയതല്ല സ്വന്തം ജീവൻ. അതുകൊണ്ട് തന്നെ ഒരു കാരണവശാലും അതിന് വിരാമമിടാനും ആ വ്യക്തിക്ക് അവകാശമില്ല.

# 01 എല്ലാ കണ്ണുകളും ചെങ്ങന്നൂരിലേക്ക്....

പാർട്ടികൾ യുഡിഎഫ് വിട്ടു. ജെഡിയു ഇടതു പാളയത്തിലെത്തി. കേരള കോൺഗ്രസിന്റെ (എം) നിലപാട് അറിയാനിരിക്കുന്നതേയുള്ളു. ബിജെപിയുമായി അത്ര സുഖകരമായ ബന്ധത്തിലല്ല ബി.ഡി ജെഎസ്. എൻഡിഎയ്ക്ക് യാതൊരു പിന്തുണയും നല്കില്ലന്നവർ പ്രഖ്യാപിച്ചു കഴിഞ്ഞു. 2016 ൽ ശക്തമായ ത്രികോണ മത്സരം നടന്നതാണിവിടെ. ബിജെപിയുടെ മികച്ച പ്രകടനമായിരുന്നു ഫലത്തെ സ്വാധീനിച്ചത്. ആർക്കും ആധിപത്യം അവകാശപ്പെടുവാൻ കഴിയുന്ന ചരിത്രമല്ല ചെങ്ങന്നൂരിന്റേത്. മണ്ഡലം രൂപീകൃതമായതിനുശേഷമുള്ള ചരിത്രം യുഡിഎഫിന് അനുകൂലമാണ്. കേരള നിയമസഭ രൂപീകൃതമായ 1957–ൽ നടന്ന തിരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ് പാർട്ടി സ്ഥാനാർഥിയായി മത്സരിച്ച ആർ ശങ്കരനാരായണൻ തമ്പിയെ വിജയിപ്പിച്ച് ആദ്യ സ്പീക്കറാക്കിയ മണ്ഡലം എന്ന ചരിത്രമാണ് ചെങ്ങന്നൂരിനുള്ളത്. മണ്ഡലം രൂപീകരിച്ചതുമുതൽ നടന്ന 13 തിരഞ്ഞെടുപ്പുകളിൽ 4 എണ്ണത്തിൽ വിജയിച്ചത് ഇടതുപക്ഷമായിരുന്നു. 1957–ൽ സി.പി.ഐയിലെ ആർ ശങ്കരനാരായണൻതമ്പിയും 1960–ൽ കോൺഗ്രസിലെ കെ ആർ സരസ്വതിയമ്മയും 1965–ൽ കേരളാ കോൺഗ്രസിനായി കെ ആർ സരസ്വതിയമ്മയും 1967–ലും 1970–ലും സി.പി.എമ്മിലെ പി ജി പുരുഷോത്തമൻപിള്ളയും 1977– എൻ.സി.പിയിലെ തങ്കപ്പൻപിള്ളയും 1980–ൽ എൻ.സി.പിക്കായി കെ ആർ സരസ്വതിയമ്മയും 1982–ൽ എൻ.സി.പിയിലെ എസ് രാമചന്ദ്രൻപിള്ളയും 1987–ൽ കോൺഗ്രസി(എസ്)ലെ മാമ്മൻ ഐപ്പ്, 1991 മുതൽ 2001 വരെ കോൺഗ്രസിലെ ശോഭനാജോർജ്ജും 2006–ലും 2011–ലും കോൺഗ്രസിലെ പി. സി വിഷ്ണുനാഥും, 2016–ൽ സിപിഐഎമ്മിലെ കെ. കെ രാമചന്ദ്രൻ നായരും ഇവിടെ വിജയിച്ചു. 1991 മുതൽ മണ്ഡലത്തിന് വലത്തേക്കാണ് ചായ്വ്.അതിന് മാറ്റം വന്നത് 2006–ലാണ്. ബിജെപി ഏറ്റവു കുറച്ച് വോട്ട് പിടിച്ചത് നേരത്തെ സജി ചെറിയാൻ മത്സരിച്ചപ്പോഴാണ്. ഏറ്റവും കൂടുതൽ വോട്ട് പിടിച്ചത് കഴിഞ്ഞ തവണ ശ്രീ കെ. കെ രാമചന്ദ്രൻ നായർ ജയിച്ചപ്പോഴും. നിലവിലെ സ്ഥാനാർത്ഥികളിൽ കന്നിയങ്കത്തിന് ഇറങ്ങുന്നത് ഡി. വിജയകുമാറാണ്. സജി ചെറിയാനും ശ്രീധരൻ പിള്ളക്കും ഇത് രണ്ടാം ഊഴമാണ്. 2016ലെ തിരഞ്ഞെടുപ്പിൽ ശ്രീ കെ. കെ രാമചന്ദ്രൻ നായർ ജയിച്ചത് 7983 വോട്ടുകൾക്കാണ്. ആകെ 52880 വോട്ടുകൾ രാമചന്ദ്രൻ നായർ നേടിയപ്പോൾ പി. സി വിഷ്ണുനാഥിന് ലഭിച്ചത് 44897 വോട്ടുകൾ. മൂന്നാം സ്ഥാനത്ത് എത്തിയ ശ്രീധരൻ പിള്ള 42682 വോട്ടുകളും നേടി. രണ്ടാം സ്ഥാനക്കാരനും മൂന്നാം സ്ഥാനക്കാരനു തമ്മിലുള്ള വോട്ടിന്റെ വ്യത്യാസം 2215 മാത്രം. രണ്ടു തവണ പി. സി. വിഷ്ണുനാഥിനെ നിയമസഭയിലെത്തിച്ച മണ്ഡലം അദ്ദേഹത്തെ കൈവിട്ടു. അതിന് കാരണമായത് പാളയത്തിലെ പടയും വിമത ശല്യവും, സംഘാടനത്തിലെ പോരായ്മകളുമാണ്. കോൺഗ്രസ്സ് റിബലായി മത്സരിച്ച മുൻ എം.എൽ. എ ശോഭനാ ജോർജ് 3966 വോട്ടുകൾ നേടിയിരുന്നു.

എല്ലാവരും ജയത്തിൽ കുറഞ്ഞ് മറ്റൊന്ന് ആഗ്രഹിക്കുന്നില്ല. വികസനം ഉയർത്തികാട്ടി പ്രചാരണ പരിപാടികൾ ആസൂത്രണം ചെയ്യുവാനാണ് എൽഡിഎഫ് ഒരുങ്ങുന്നത്. ചെങ്ങന്നൂർ വിട്ടുകളയുവാൻ അവർ ഒരുക്കമല്ല. കാരണം അത് ഭരണത്തിന്റെ വലിയിരുത്തലാണ് സർക്കാരിന്റെ പ്രോഗ്രസ്സ് കാർഡ് എന്നാണ് ഈ തിരഞ്ഞെടുപ്പിനെ വിശേഷിപ്പിക്കുന്നത്. മറ്റൊരു കാരണം 25 വർഷം തുടർച്ചയായി ഭരിച്ച ത്രിപുര കൈവിട്ടു പോയത് ഇടതുപക്ഷത്തിന് വലിയ തിരിച്ചടിയായി മാറി. ഇൻഡ്യയിൽ സിപിഎം നേതൃത്വം കൊടുക്കുന്ന ഏക സർക്കാർ കേരളത്തിൽ മാത്രമാണ്. അതുപോലെ തന്നെ പ്രതിപക്ഷവും ആവേശത്തിലാണ് സർക്കാരിന്റെ തെറ്റായ നയങ്ങൾക്കെതിരെ പ്രതീകരിക്കുവാൻ പ്രതിപക്ഷത്തിനാകുന്നില്ല എന്ന വിമർശനത്തിന് തടയിടുവാൻ വിജയം അനിവാര്യമാണ്. അതിലൂടെ ലോക്സഭാ തിരഞ്ഞെടുപ്പിനെ നേരിടുക എന്നതാണ് ലക്ഷ്യം. രാഷ്ട്രീയ കൊലപാതകങ്ങളും സംഘർഷങ്ങളും ചർച്ചയാകുമെന്ന് വ്യക്തം. ബിജെപിക്കും ജയത്തിൽ കുറഞ്ഞൊന്ന് ചിന്തിക്കുവാൻ പോലും കഴിയുന്നില്ല. ലോക്സഭാ തിരഞ്ഞെടുപ്പിനായി തയ്യാറെടുക്കുമ്പോൾ അണികളെ അവേശത്തിൽ നിർത്താൻ ജയം കൂടിയെ മതിയാകു. പല ഘടക കക്ഷികളും അകന്ന് നില്ക്കുന്നു. രാജ്യ സഭാ സീറ്റ് നിഷേധിച്ചതിനാൽ ബിഡിജെഎസ് പൂർണമായും അകന്നു കഴിഞ്ഞു. ജനമനസ്സു കവരുന്ന നേതാക്കളുമില്ല. എങ്കിലും നാട്ടുകാരനായ ശ്രീധരൻപിള്ള അട്ടിമറി വിജയം നേടിയാൽ അതിശയിക്കാനുമില്ല. ന്യൂനപക്ഷങ്ങൾ പ്രത്യേകിച്ച് പെന്തെക്കോസ്ത് വിഭാഗങ്ങൾ എടുക്കുന്ന നിലപാട് ഈ തെരഞ്ഞെടുപ്പിൽ ജയപരാജയങ്ങൾ നിർണ്ണയിക്കുവാൻ കഴിയുന്ന നിലയിൽ ശക്തമാണ്.

വിജയത്തിൽ കുറഞ്ഞൊന്നും ആഗ്രഹിക്കാത്ത എല്ലാവർക്കും വിജയാശംസകൾ നേരുന്നു. കേരള രാഷ്ട്രീയ ചരിത്രത്തിൽ പുതിയ ഒരു അദ്ധ്യായം കൂടെ എഴുതി ചേർക്കുവാൻ ഈ തിരഞ്ഞെടുപ്പ് പര്യാപ്തമാകട്ടെ.

എനിക്കും പറയാനുണ്ട്

# മ്യൂസിക് മിനിസ്ട്രിയും സംഗീതപ്രമാണിമാരും



പാസ്റ്റർ സാംകുട്ടി മാത്യു
ചീഫ് എഡിറ്റർ

ഈ അടുത്ത സമയത്ത് പരസ്യയോഗത്തിനുവേണ്ടി ഒരു മ്യൂസിക് ടീമിനെ അന്വേഷിക്കേണ്ടിവന്നു. വലിയ തുക നൽകാനില്ലാത്തതിനാൽ ചെറിയൊരു ടീമിനെ ബന്ധപ്പെട്ടു. അതിന്റെ പ്രമാണി ചോദിച്ച തുക കേട്ടപ്പോൾ അൽപ്പം സംശയം തോന്നി. കേട്ട തുക ശരിയോയെന്ന് അറിയുവാനായി ഒന്നുകൂടി എടുത്തുചോദിച്ചു. തുകയുടെ വലിപ്പം കേട്ടപ്പോൾ തന്നെ കാര്യം നടക്കില്ല എന്നുറപ്പിച്ചു. ഇത് വിവാഹപരിപാടിയൊന്നുമല്ല എന്ന് പറഞ്ഞപ്പോൾ പരിചയക്കാരനായ പ്രമാണി സത്യം തുറന്നുപറഞ്ഞു അവർ പരസ്യയോഗത്തിനൊന്നും പോകാറില്ലത്രേ. അതുകൊണ്ട് തന്നെ ഇത്തരം പ്രോഗ്രാമിനായി വിളിക്കുമ്പോൾ കൂടിയ തുക പറയുകയാണ് പതിവ്. അതുകേട്ട് ആളുകൾ മറ്റ് ടീമിനെത്തേടി പൊയ്ക്കൊള്ളും.

അതുകൊണ്ടുതന്നെ മ്യൂസിക് ടീമുകളെക്കുറിച്ച് ചെറിയൊരു അന്വേഷണം തന്നെ നടത്തി. മുക്കാൽപങ്കും തട്ടിക്കൂട്ട് ടീമുകളാണ്. അവിടുന്നും ഇവിടുന്നും കടം എടുത്തും അഡ്ജസ്റ്റ് ചെയ്തും നടത്തുന്ന ടീമുകൾ. ഇത്തരം പരിപാടികൾക്കൊണ്ടാണ് രക്ഷിക്കപ്പെടാത്തവരും ആത്മീയവേദികളിൽ ഉൾക്കൊള്ളുവാൻ പാടില്ലാത്തവരുമൊക്കെ ആത്മീയരായി വേഷപകർച്ച നടത്തേണ്ടിവരുന്നത്. സരസനായ ഒരു സ്നേഹിതൻ പറഞ്ഞതുപോലെ ഒരു ഫോർവീലറും നല്ലൊരു പേരുമുണ്ടെങ്കിൽ ഒരു മ്യൂസിക് ടീമായി. ബാക്കി ആവശ്യമുള്ളതെല്ലാം വാടകയ്ക്ക് ലഭിക്കും. ഭാവവും ഈണവുമെല്ലാം ചവിട്ടിയരച്ച് ഒരു വഴിക്കാക്കിയിട്ട് ചിലരുടെ ഭാവം കണ്ടാൽ അവർ യേശുദാസിനും മുകളിലാണെന്ന് തോന്നിപ്പോകും. നന്നായി പാടുന്നവരും ഇത് ശുശ്രൂഷയായികണ്ട് മാന്യമായി പ്രവർത്തിക്കുന്നവരുമായ എന്റെ പ്രിയസ്നേഹിതരും സംഗീതശുശ്രൂഷ ചെയ്യുന്നവരുമായ പ്രിയപ്പെട്ടവർ സദയം ക്ഷമിച്ചാലും. നവമാധ്യമങ്ങളും മറ്റും കപടപ്രസംഗകരെയും പ്രവാചകരെയുമൊക്കെ വെളിച്ചത്ത് കൊണ്ടുവരുന്ന ഈ കാലഘട്ടത്തിൽ സംഗീതശുശ്രൂഷയുടെ പേരിൽ നടത്തപ്പെടുന്ന കള്ളനാണയങ്ങളെയും വെളിയിൽ കൊണ്ടുവരണം.

സംഗീതം ദൈവീകമാണ്. ദൈവസന്നിധിയിലെ ആരാധന സംഗീതമയമാണ്. ദൂതഗണങ്ങൾ അവനെ പാടിപുകഴ്ത്തുന്നു. ക്രിസ്തീയ ആരാധനയിലും സംഗീതത്തിന് വലിയ പ്രാധാന്യം തന്നെയുണ്ട്. സമുദായ സഭകളുടെ ആരാധനക്രമം തന്നെ സംഗീതസാന്ദ്രമാണ്. താളലയങ്ങളോടെ കർത്താവിനെ ആരാധിക്കുന്നത് കേൾക്കുന്നത് തന്നെ നമ്മിൽ ഭക്തിയുടെ അന്തരീക്ഷം സൃഷ്ടിക്കുമെന്നതിന് സംശയമില്ല. മലയാള ക്രൈസ്തവ ഗാനശാഖ വളരെ സമ്പുഷ്ടമാണ്. വി. നാഗലും കെ. വി. സൈമണും മൂത്താംപാക്കൽ കൊച്ചുകുഞ്ഞുപദേശിയും ഒക്കെ സമ്പുഷ്ടമാക്കിയ ഈ രംഗത്ത് പുതിയ കാലത്തും ധാരാളം നല്ല എഴുത്തുകാരുണ്ടായിട്ടുണ്ട്. അനുഭവങ്ങളുടെ മൂശയിൽ ഉരുത്തിരിഞ്ഞ അനവധി ഗാനങ്ങൾ അനേകരെ ക്രിസ്തുഭക്തിയിലേക്കും വിശ്വാസത്തിലേക്കും നയിച്ചിട്ടുമുണ്ട്. എന്നാൽ അതോടൊപ്പം ചില കള്ള നാണയങ്ങൾ വേഷപകർച്ചയോടെ നമ്മുടെ ആത്മീയവേദികളിൽ ജനങ്ങളെ വിഡ്ഢികളാക്കുന്നത് കാണുന്നു.

സുപ്രസിദ്ധ ഗാനരചിയതാവും ബഹുമാന്യനുമായ ഭക്തവത്സലന്റെ പ്രസിദ്ധമായ ഗാനത്തിന്റെ വരികൾക്കിടയിൽ രണ്ടുവരി എഴുതിച്ചേർത്ത് നാടെങ്ങും പാടി അത് സ്വന്തരചനയെന്ന് തെറ്റിദ്ധരിപ്പിച്ച് ആളാകുന്ന ശുശ്രൂഷകൻ മുതൽ ഇങ്ങോട്ട് എത്രയോ അവതാരങ്ങളാണ് ഈ രംഗത്തുള്ളത്. ചിലരുടെ അവകാശവാദങ്ങൾ കേട്ടാൽ ദൈവത്തോടുള്ള അവരുടെ ബന്ധം നമ്മെ കോരിത്തരിപ്പിച്ചുകളയും. ദൈവം നേരിട്ട് അവർക്ക് നൽകിയ ട്യൂണിൽ പാടി നമ്മളും ആത്മാവിലാകും. നവമാധ്യമങ്ങൾ അത്രപ്രചാരത്തിലില്ലാതിരുന്ന കാലത്ത് ഇത്തരക്കാരുടെ വാദഗതികൾ നമ്മളും വിശ്വസിച്ച് പോന്നിരുന്നു. എന്നാൽ നവമാധ്യമങ്ങൾ പ്രചുരപ്രചാരം നേടിയ ഇക്കാലത്ത് ഇത്തരക്കാർ നമ്മെ വിശ്വസിപ്പിച്ചതൊക്കെ കള്ളമായിരുന്നു എന്ന സത്യം തിരിച്ചറിയുമ്പോൾ നമ്മൾ ആത്മാവിറക്കിയ പല പാട്ടുകളും പ്രസിദ്ധങ്ങളായ സിനിമാ പാട്ടിന്റെ ട്യൂണുകളായിരുന്നു എന്നു മനസ്സിലാകും. ട്യൂൺ അനുകരിക്കുന്നത് ഒരു തെറ്റല്ല. എന്നാൽ വ്യാജ അവകാശവാദങ്ങൾ നടത്തുന്നതാണ് തെറ്റ്. ദൈവം നേരിട്ട് തന്നു എന്ന് അവകാശപ്പെടുന്ന ട്യൂണുകൾ സിനിമാപാട്ടുകളുടെ ട്യൂണാകുമ്പോൾ അവർ തന്നെ അപഹാസ്യരാകുകയാണ്.

അഴലേറും ജീവിതമരുവിൽ എന്ന ഗാനം തന്റെ വീടിനടുത്തുള്ള സിനിമാകൊട്ടകയിൽ നിന്ന് ഉയർന്ന് കേട്ട ഒരു സിനിമപാട്ടിന്റെ ട്യൂണിൽ രചിച്ചതാണെന്ന് പഴഞ്ഞി സ്വദേശിയായ ചുമ്മാർ ഉപദേശി പറയുകയും ആദ്യകാലങ്ങളിൽ പുറത്തിറക്കിയ പാട്ടുപുസ്തകത്തിൽ അത് രേഖപ്പെടുത്തുകയും ചെയ്തിരുന്നു. എന്നാൽ മറ്റൊരു വ്യക്തി ഈ ഗാനം തന്റേതാണെന്ന് അവകാശപ്പെടുകയും ദൈവം നേരിട്ടു തന്ന ട്യൂണിൽ പാടുകയായിരുന്നു എന്നുപറഞ്ഞ് അനേകരെ ആത്മാവിൽ നിറയ്ക്കുന്നത് കണ്ടിട്ടുണ്ട്. ക്രൈസ്തവഗാനശാഖയിൽ ഇത്തരം അടിച്ചുമാറ്റലുകളുടെ കഥകൾ ധാരാളമുണ്ട്.

ഇന്ന് സംഗീതശുശ്രൂഷയെന്ന ലേബലിൽ ടീമുകൾ നടത്തുന്ന ചിലരെങ്കിലും കൊള്ളക്കാരേക്കാൾ കഷ്ടമാണെന്ന് തോന്നിപ്പോകും. ഇതൊരു ശുശ്രൂഷയാണെന്ന് അവകാശപ്പെടുകയും ജനനം മുതൽ മരണം വരെയുള്ള പ്രോഗ്രാമുകൾ പിടിച്ചെടുക്കുവാൻ ഇത്തരക്കാർ നടത്തുന്ന മത്സരം ചിലപ്പോഴെങ്കിലും അരോചകമായി തോന്നിയിട്ടുമുണ്ട്. ഇത്തരം ശുശ്രൂഷകൾക്ക് ഇവർ നിശ്ചയിച്ചിരിക്കുന്ന തുകകളും അത് വസൂലാക്കുവാൻ നടത്തുന്ന ശ്രമങ്ങളും നമ്മെ അമ്പരിപ്പിക്കും. നല്ല സൗണ്ട് സിസ്റ്റവും ഓർഗനുമുണ്ടെങ്കിൽ ചിലർ നടത്തുന്ന കോപ്രായങ്ങൾ നമ്മൾ സഹിക്കേണ്ടിവരുന്നു. പാടുവാൻ താലന്തുള്ളവർ പാടട്ടെ. അതൊരു ശുശ്രൂഷയാണെന്ന് തിരിച്ചറിവോടെയും സമർപ്പണത്തോടെയും ചെയ്യുമ്പോൾ മനോഹരമായി മാറും. അത് ജനഹൃദയങ്ങളിലേക്ക് എത്തിച്ചേരും. ആത്മാവിൽ ചൈതന്യമുളവാക്കും. ദൈവത്തിങ്കലേക്ക് അടുപ്പിക്കും. മറ്റുള്ളതൊക്കെ വെറും പ്രകടനമായി മാറും.

ഗാനങ്ങളെപ്പോലെ മനുഷ്യഹൃദയങ്ങളെ കീഴ്പ്പെടുത്താൻ കഴിയുന്ന മറ്റൊന്നില്ല എന്നു പറയാം. അർത്ഥ സമ്പുഷ്ടമായ പദാവലികളും സാഹിത്യവും ചേരുംപടി ചേർത്ത് രചിക്കുന്ന ഗാനങ്ങൾ മനുഷ്യന് എന്നും ആകർഷകങ്ങളാണ്. നല്ല ഗാനരചയിതാക്കൾ, ഗായകർ, സംഗീത സംവിധായകർ അനേകരുണ്ട് എന്റെ സ്നേഹിതരുടെ പട്ടികയിൽ. അവരോട് ക്ഷമാപണം നടത്തി ഈ കുറിപ്പ് കള്ളനാണയങ്ങൾക്കെതിരെ ഇവിടെ രേഖപ്പെടുത്തുന്നു.

വേദപഠനം

# ഇടയ ലേഖനങ്ങൾ (The Pastoral Epistles)

–തുടർച്ച–



എഡിസൺ തോമസ്
വേങ്ങൂർ, 9961336353

അപ്പൊസ്തലനായ പൗലോസ് തിമൊഥെയൊസിനു നൽകുന്ന പ്രബോധനം ധനവാന്മാരോടുകൂടെ കൂടുതൽ സംസർഗ്ഗം പാലിക്കരുത്. കൂടാതെ ധനത്തിലും ആശ്രയിക്കരുത്, നന്മ ചെയ്യുവാനും കൂട്ടായ്മ കാണിക്കാനും മറക്കരുത് എന്നാണ് ദൈവവചനം പഠിപ്പിക്കുന്നത് എബ്രാ 13:16. സൽപ്രവർത്തികളിൽ സമ്പന്നരായി ദാനശീലരും ഔദാര്യമുള്ളവരുമായി അതായത് സൽപ്രവർത്തികൾ ചെയ്യുന്നതിലും സഹായിക്കുന്നതിലും ദൈവമക്കൾ മുൻനിരയിലായിരിക്കണം. പണം കൈകാര്യം ചെയ്യുന്നതിലും പങ്കുവയ്ക്കുന്നതിലും ഔദാര്യം കാണിക്കണം. പൗലോസ് നൽകുന്ന പ്രബോധനത്തിന്റെ ലക്ഷ്യം അവരുടെ ജീവകാലത്ത് തന്നെ നിത്യജിവൻ ആസ്വദിക്കുവാൻ വേണ്ടിയാണ്. ഇതിലെ അപകടം നിത്യജീവൻ ആസ്വദിക്കുന്നതിൽ നിന്നും സമ്പത്ത് പോഷിപ്പിക്കുന്നത് നിത്യജിവങ്കലേക്കുള്ള യാത്രയെ തടസ്സപ്പെടുത്തുന്നു. സമ്പാദിക്കുംതോറും പുഴ്ത്തി വയ്ക്കുവാനും കഠിനഹൃദയം ഉണ്ടാകുവാനും സാധ്യതയുണ്ട്. അതുകൊണ്ട് നല്ല കാര്യങ്ങൾ ചെയ്ത് നല്ലൊരു അടിസ്ഥാനം നിക്ഷേപിച്ചുകൊൾക. ഒടുവിൽ തിമൊഥെയൊസ് എന്ന ശുശ്രൂഷകനോടു പൗലോസ് പറയുകയാണ് ഒരു പടയാളിയെപ്പോലെ ഒരു ശുശ്രൂഷകൻ എന്ന നിലയിൽ നിന്റെ നിലയും വിലയും കാത്തുകൊൾക. നിന്റെ കീഴിലുള്ള ദൈവസഭയെ സംരക്ഷിക്കുക, അവർക്കുവേണ്ടി യുദ്ധം ചെയ്യുക, അല്ലെങ്കിൽ പോരാടുക.

തിമൊഥെയൊസിനെ ഓർമ്മിപ്പിക്കുന്നത് നിന്റെ പക്കൽ ഏല്പിച്ചിരിക്കുന്ന ഉപനിധി കാത്തുകൊൾക. തിമൊഥെയൊസിനെ ഭരമേൽപ്പിച്ചിരിക്കുന്ന ഉപനിധി എന്താണ്? അവന്റെ കണ്ടുപിടിത്തമോ നേട്ടമോ അല്ല, ഭരമേല്പിക്കപ്പെട്ടിരിക്കുന്നത് മറ്റുള്ളവർക്കു കൈമാറാനാണ്. ഒരു ഉപനിധിയാണ് ഭരമേല്പിക്കപ്പെട്ടിരിക്കുന്നത്, ഉടമസ്ഥൻ ചോദിക്കുമ്പോൾ തിരികെ കൊടുക്കുവാൻ ബാധ്യസ്ഥരാണ്. ഒടുവിൽ ഒരിക്കൽകൂടി പൗലോസ് നൽകുന്ന മുന്നറിയിപ്പ് വ്യർത്ഥവാഗ്വാദങ്ങളാൽ വശീകരിക്കപ്പെട്ട്, ഭക്തി വിരുദ്ധമായ വൃഥാലാപങ്ങളിലും തർക്കസൂത്രങ്ങളിലുംപെട്ട് വിശ്വാസക്കപ്പൽ തകർന്നുപോകുവാൻ സാധ്യതയുള്ളതുകൊണ്ട് ഒഴിഞ്ഞുനിൽക്കണം. ഒഴിഞ്ഞു നിൽക്കുക എന്നത് ശക്തമായ ഒരു താക്കീതാണ്. ഒരു ദൈവപൈതൽ ഒഴിഞ്ഞുനിൽക്കേണ്ടതായ പല കാര്യങ്ങളുണ്ട്. ഇതിൽ പ്രധാനമായ ഒന്നാണ് ഭക്തി വിരുദ്ധമായ വൃഥാലാപങ്ങളെയും തർക്കസൂത്രങ്ങളെയും. ഒരിക്കലും തർക്കങ്ങൾ ആരെയും രക്ഷിക്കയില്ല, മറിച്ച് സ്നേഹത്തോടും സമാധാനത്തോടും ശാന്തതയോടും പെരുമാറുകയാണ് ചെയ്യേണ്ടത്, പത്രോസ് ശ്ലീഹാ പറയുന്നത്, നിങ്ങളിലുള്ള പ്രത്യാശയെക്കുറിച്ചു ന്യായം ചോദിക്കുന്ന ഏവനോടും സൗമ്യതയും ഭയഭക്തിയും പൂണ്ടു പ്രതിവാദം പറവാൻ എപ്പോഴും ഒരുങ്ങിയിരിപ്പിൻ, 1 പത്രോ. 3:15. എന്നാൽ യോഹന്നാൻ അപ്പോസ്തലൻ അല്പം കൂടി ഗൗരവത്തോടെ ഈ വിഷയം കൈകാര്യം ചെയ്യുകയാണ്, 1 യോഹ.2: 18–29. യോഹന്നാൻ പറയുന്നത് അവരെ സ്വീകരിക്കുകയോ നമ്മുടെ വീടുകളിൽ അടുപ്പിക്കുകയോ അവരുമായി യാതൊരു കൂട്ടായ്മയും അരുത്, സാധാരണ പറയാനുള്ളതുപോലെ "ദുഷിച്ച കൂട്ടിൽ ഉൾപ്പെടുന്നതിനെക്കാൾ ഏകനായിരിക്കുന്നതാണ് നല്ലത് (Better to be alone than in a bad company). യോഹന്നാൻ വീണ്ടും പറയുന്നത് കള്ളപ്രവാചകന്മാർ പലരും ലോകത്തിലേക്കു പുറപ്പെട്ടിരിക്കയാൽ ഏത് ആത്മാവിനെയും വിശ്വസിക്കാതെ ആത്മാക്കൾ ദൈവത്തിൽ നിന്നുള്ളവയോ എന്നു ശോധന ചെയ്യുവിൻ 1 യോഹ. 4:1. ഇംഗ്ലീഷിൽ ഇപ്രകാരം ഒരു ചൊല്ലുണ്ട് "Prevention is better than cure" രോഗം വന്നാൽ ചികിത്സിക്കുന്നതിനെക്കാൾ രോഗം വരാതെയിരിക്കുവാൻ ശ്രദ്ധിക്കുന്നതാണ് ഉത്തമം. ദുരുപദേശങ്ങൾ കൈക്കൊണ്ട് ചിലർ വിശ്വാസം വിട്ടു തെറ്റിപ്പോയിരിക്കുന്നു എന്നു ചൂണ്ടിക്കാണിക്കുകയാണ്, അങ്ങനെ തെറ്റിപ്പോയ പലരെക്കുറിച്ച് പൗലോസ് തന്റെ ലേഖനങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ട്.

ദുരുപദേശങ്ങളും ദുരുപദേഷ്ടാക്കളും വരുത്തുന്ന അപകടങ്ങളെയും ശത്രുക്കളെയും നേരിടുവാൻ ആവശ്യമാകുന്ന കൃപ സമ്പാദിക്കുവാൻ തിമെഥെയൊസിനു നൽകുന്ന പ്രോത്സാഹനമാണ്. വെറുതെയുള്ള വാഗ്വാദവും തർക്കങ്ങളും നടത്തി സമയം കളയുന്നതിനെക്കാൾ ഇത്തരം കാര്യങ്ങളിൽ ഒഴിഞ്ഞുനിന്ന് ദൈവത്തിന്റെ കൃപ പ്രാപിച്ച് മുന്നോട്ടുപോകുക. തെറ്റായ ഉപദേശങ്ങൾക്കു എതിരായി ശക്തമായി പോരാടുക, നിത്യതയോളം നിലനിൽക്കുന്ന നിക്ഷേപങ്ങളിൽ നിക്ഷേപിക്കുവാൻ ധനവാന്മാരെ പ്രബോധിപ്പിക്കുക. ബുദ്ധിമാനായും ആകർഷണീയനായും പ്രത്യക്ഷപ്പെടുന്നതിലും പ്രധാനം വിശ്വാസത്തിൽ നിലനിൽക്കുക എന്നുള്ളതാണ്. നമ്മെ ഏല്പിച്ച ഉപനിധി കാത്തുകൊള്ളുവാനും കളങ്കമില്ലാതെ അടുത്തതലമുറയിലേക്ക് കൈമാറുവാനുമുള്ള ദൈവകൃപ ദൈവം നമുക്കു നല്കട്ടെ.

## തിമൊഥെയൊസ്

ഉപസംഹാരം: വിശുദ്ധ പൗലോസിന്റെ ലേഖനങ്ങളെ പൊതുവേ രണ്ടായി തിരിക്കാം. പ്രാദേശിക സഭകൾക്കു എഴുതിയ ലേഖനങ്ങൾ, വ്യക്തികൾക്കു എഴുതിയ ലേഖനങ്ങൾ സഭകൾക്കു എന്നു പറയുമ്പോൾ സഭയും സഭയിലെ വിശ്വാസികളും അറിഞ്ഞിരിക്കേണ്ടത്, വ്യക്തികൾക്കു എന്നു പറയുമ്പോൾ വ്യക്തികളെയും അവരുടെ ശുശ്രൂഷകളെയും ഉദ്ദേശിച്ച് എഴുതിയിട്ടുള്ളത് പ്രത്യേകിച്ച് സഭയുടെ ശുശ്രൂഷകന്മാരായിരുന്ന തിമെഥെയൊസിനും തീത്തൊസിനും, സഭയുടെ നടത്തിപ്പിൽ ശ്രദ്ധിക്കേണ്ടതായ പൊതുവായ ചില നിർദ്ദേശങ്ങളും ആലോചനകളുമാണ് പ്രധാനമായും. ദൈവത്തിന്റെ അജഗണമായ സഭയുടെ വളർച്ചയ്ക്കും പരിപാലനത്തിനും ഒരു ഇടയൻ അത്യാവശ്യത്തിനു അറിഞ്ഞിരിക്കേണ്ടതായ ചില പ്രത്യേകതകളും യോഗ്യതകളും ഈ ലേഖനത്തിലൂടെ പൗലോസ് വ്യക്തമാക്കുകയാണ്. ഈ കാലഘട്ടത്തിൽ ഇടയശുശ്രൂഷയിൽ ആയിരിക്കുന്നവരും അറിഞ്ഞിരിക്കേണ്ടതായ വിഷയങ്ങളാണ് പൗലോസ് ഇതിലൂടെ വിശദീകരിക്കുന്നത്. ഈ ലേഖനം വായിക്കുന്ന ഓരോരുത്തർക്കും ഇത് അനുഗ്രഹകരമായിത്തീരട്ടെ.

ധ്യാനം

# അപ്പം കൊണ്ടുമാത്രമല്ല....!!



ഷൈജു ഡാനിയേൽ,
അടൂർ

യേശുവും പരീക്ഷകനും തമ്മിലുള്ള സംഭാഷണവേദിയാണ് രംഗം. സുവിശേഷകനായ മത്തായിയുടെ നിരീക്ഷണത്തിൽ നാല്പതു ദിവസങ്ങളിലെ ഉപവാസത്തിനനന്തരം യേശുവിനു വിശന്നു. വിശപ്പ് എന്നത് ആരോഗ്യമുള്ള ഒരു ശരീരത്തിന്റെ ലക്ഷണമാണ്. വിശന്നതിൽ തെറ്റുപറയാനുമാകില്ല, കാരണം യേശു തന്റെ മനുഷ്യത്വത്തിൽ ഈ ഭൂമിയിൽ വസിക്കുന്ന കാലമാണ്. പക്ഷെ വിശപ്പടക്കാനുള്ള മാർഗവുമായി രംഗത്തുവരുന്ന സാത്താന്റെ ക്രിസ്തുവിനോടുള്ള അമിത താല്പര്യങ്ങളുടെ പിന്നാമ്പുറങ്ങൾ അവിടുന്ന് വേഗത്തിൽ തിരിച്ചറിഞ്ഞു. നമ്മുടെ പ്രശ്നങ്ങളിൽ ദൈവീകതയോടു ചേർന്ന് നിൽക്കാത്ത പരിഹാരമാർഗ്ഗങ്ങളുമായി നമ്മെ സമീപിക്കുന്ന സാത്താന്യ താല്പര്യങ്ങളെ പലപ്പോഴും സ്വർഗ്ഗീയമായ വാഗ്ദത്തങ്ങളായും പ്രവചനങ്ങളുടെ നിവർത്തിയായും ദൈവത്തിൽ നിന്നുമുള്ള നന്മകളായും ഒക്കെ പലപ്പോഴും നിർവ്വചിക്കപ്പെടുന്നുണ്ട്. ഇത്തരത്തിലുള്ള നമ്മുടെ നിഗമനങ്ങളും നിർവ്വചനങ്ങളുമാണ് പൈശാചിക പ്രവർത്തികളുടെ സാധ്യതകൾ വർദ്ധിപ്പിക്കുന്നത്. വിശപ്പടക്കാനുള്ള വെല്ലുവിളി ഏറ്റെടുത്ത് കല്ലിനെ അപ്പമാക്കുമ്പോൾ, കല്ലിനെ അപ്പമാക്കാൻ കഴിവുള്ളവൻ എന്നതിലപ്പുറം "യേശു ദൈവപുത്രൻ" എന്നാണു തെളിയിക്കപ്പെടുന്നത്, കാരണം "നീ ദൈവപുത്രനെങ്കിൽ...." എന്നാരംഭിച്ചുകൊണ്ടായിരുന്നു സാത്താന്യ സംഭാഷണങ്ങൾ തുടങ്ങിയത്.

ദൈവപുത്രൻ എന്ന് തെളിയിക്കപ്പെടാനുള്ള സാധ്യതകൾ വീണുകിട്ടിയിട്ടും അതിനവസരമെടുക്കാതെ, ഭോഷ്കിന്റെ അപ്പനായ സാത്താന്റെ വെല്ലുവിളികൾക്കുമുമ്പിൽ തെളിയിക്കപ്പെടാനുള്ളതല്ല തന്റെ പുത്രത്വം എന്ന് ക്രിസ്തു ഉറപ്പിച്ചറിഞ്ഞു. അതിനാൽ തന്നെ ക്രിസ്തുവിന്റെ നിലപാടും വ്യക്തമായിരുന്നു. സാത്താൻ നിരത്തിയ ന്യായവാദങ്ങളെ യേശു പുതിയ ഒരു തത്വം അവതരിപ്പിച്ചുകൊണ്ട് നേരിട്ടു-അപ്പത്തിന് പകരം ദൈവവചനം!! ദൈവപുത്രനെങ്കിൽ കല്ല് അപ്പമാക്കുക എന്ന സാത്താന്യ ചോദ്യത്തിന് യേശുവിന്റെ മറുപടി- മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിന്റെ വായിൽകൂടി വരുന്ന സകലവചനംകൊണ്ടും ജീവിക്കുന്നു" എന്നതായിരുന്നു. കല്ലുകൾ അത്ഭുതങ്ങൾക്കു വിധേയമാക്കുമ്പോൾ അപ്പം അത്ഭുതങ്ങളുടെ അനന്തരഫലമാകുന്നു. ഈ അത്ഭുതങ്ങളിലൂടെ ഉളവാകുന്ന വിടുതലുകൾകൊണ്ട് മാത്രമേ നിലനിൽപ്പുള്ളൂ എന്നാണ് സാത്താന്റെ വാദം!! അപ്പം ഇല്ലെങ്കിൽ അഥവാ അത്ഭുതങ്ങൾ നടന്നില്ലെങ്കിൽ ആത്മീകത ചോദ്യം ചെയ്യപ്പെടുന്ന ദുരവസ്ഥ!!

ജീവിക്കാൻ അപ്പം മാത്രം മതി എന്ന വ്യാഖ്യാനം പൈശാചികമാണ്!! കല്ലിനെ അപ്പമാക്കി കൺകെട്ട് നടത്തുന്നവർ, ജീവിക്കാൻ അത്ഭുതം മാത്രം മതി എന്ന പക്ഷക്കാരാണ്. ദൈവവചനത്തെ മാറ്റിനിർത്തി ജീവിക്കാൻ അപ്പം മാത്രം മതിയെന്ന നവമതക്കാരുടെ ദൈവശാസ്ത്രം, യേശുവിനെ പരീക്ഷയിൽ കുടുക്കാൻ വന്ന സാത്താന്യ തന്ത്രങ്ങളിൽ നിന്നും ഒട്ടും വ്യത്യസ്തമല്ല!! തിരുവചനത്തിന്റെ ജീവദായക സാധ്യതകളെ മനപ്പൂർവ്വം മറന്നുകളഞ്ഞിട്ട് അത്ഭുതകേന്ദ്രീകൃതമായ ആത്മീകതയിലേക്കു ജനം ഇരമ്പിക്കയറുമ്പോൾ അതിന്റെ പിന്നിലെ പൈശാചിക വ്യാപാരങ്ങൾ തിരിച്ചറിയാൻ എല്ലായ്പ്പോഴും നമുക്ക് കഴിയുന്നില്ല. കല്ലിനെ അപ്പമാക്കി അത്ഭുതം ചെയ്തു വിശപ്പടക്കിയാൽ പിന്നെ ദൈവവചനത്തിന്റെ ആവശ്യമില്ല. സാത്താന്യ വെല്ലുവിളികളെ ഏറ്റെടുത്തുകൊണ്ട് വേറൊരേശുവിന്റെ അനുയായികൾ ജീവിക്കാൻ ഏറ്റവും അത്യാവശ്യമായ ദൈവത്തിന്റെ വായിൽ നിന്നുള്ള ദൈവവചനത്തെ അകറ്റിനിർത്തി, ആവശ്യക്കാർ ഏറെയുള്ള അത്ഭുതകേന്ദ്രീകൃതമായ ആത്മീകതക്ക് നേതൃത്വം കൊടുക്കുമ്പോൾ മറുവശത്തു സാത്താന്യ സംഘങ്ങൾ അവരുടെ വിജയമാഘോഷിക്കുകയാണ്!!

"അപ്പമില്ലാതെ വിശപ്പുമാറില്ല" എന്ന വേറൊരു സുവിശേഷത്തിന്റെ വിത്ത് വിതക്കപ്പെട്ടതു ഇന്നൊന്നുമല്ല; ക്രിസ്തുവിന്റെ ശുശ്രൂഷയുടെ ആരംഭത്തിൽ തന്നെ "ഈ ലോകത്തിന്റെ ദൈവം" ഇന്നേറെ പ്രചാരത്തിലുള്ള അത്യാധുനിക ആത്മീകതയുടെ കള വിതച്ചുതുടങ്ങി. "ദൈവപ്രതിമയായ ക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതിരിപ്പാൻ ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ മനസ്സു കുരുടാക്കി" എന്ന് ചുരുക്കം!! ക്രിസ്തുകേന്ദ്രീകൃത സുവിശേഷത്തിന്റെ നയം വ്യക്തമാണ്-കല്ലുകൾ അപ്പമായില്ലെങ്കിലും ദൈവവചനം കൊണ്ട് ജീവിക്കാം!!

---

ലേഖനം

# പ്രകൃതിയിൽ മാറ്റങ്ങൾ സംഭവിക്കുന്നു



ഷൈജു തോമസ്
ഞാറയ്ക്കൽ
9447313709, 7561800305

ഇന്നത്തെ ലോകം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി കാലവസ്ഥയിലുണ്ടാകുന്ന മാറ്റമാണ്. അപ്രതീക്ഷത സമയത്ത് പെയ്യുന്ന മഴയും വലിയ ചുഴലിക്കാറ്റുകളും മനുഷ്യൻ വലിയ ഭീതിയോടെയാണ് കാണുന്നത്. ഇത്തരം പ്രതിഭാസം ഒരു നൂറ്റാണ്ടു കാലത്തെ അതീവ രൂക്ഷതയിൽ എത്തിനില്ക്കുന്നു. കാലാവസ്ഥയിൽ ഉണ്ടാകുന്ന കാര്യമായതും പതിറ്റാണ്ടുകളോ ദശലക്ഷക്കണക്കിനോ വർഷങ്ങൾ നീണ്ടുനിൽക്കുന്നതുമായ മാറ്റം നമുക്ക് കാണാം. ശരാശരി കാലാവസ്ഥാ മാനകങ്ങളിലെ വ്യതിയാനമോ രൂക്ഷമായ സംഭവങ്ങൾ ഉണ്ടാകുന്ന തോതിലെ മാറ്റമോ ഇക്കൂട്ടത്തിൽ പെടുന്നു. കാലാവസ്ഥാ ക്ഷോഭങ്ങൾ കൂടുതലായോ കുറവായോ ഉണ്ടാകുക. സമുദ്രത്തിലെ പ്രതിഭാസങ്ങളിലെ മാറ്റങ്ങൾ അതായത് സമുദ്രത്തിലെ ഒഴുക്കിലുണ്ടാകുന്ന മാറ്റം, ജൈവ ജന്യമായ പ്രക്രീയകൾ, സൂര്യ പ്രകാശത്തിലെ മാറ്റങ്ങൾ, പ്ലേറ്റ് ടെക്റ്റോണിക്സ് അഗ്നിപർവ്വത സ്ഫോടനം, പ്രകൃതിയിലെ മനുഷ്യജന്യമായ മാറ്റങ്ങൾ എന്നിവ ഇതിന് കാരണമായേക്കാം.അതിനാൽ പല മാർഗ്ഗങ്ങളിലൂടെ ഭൂമിയിലെ ഭൂതകാല കാലാവസ്ഥാ വ്യതിയാനങ്ങളെപ്പറ്റി മനുഷ്യർ കൂടുതൽ വിവരങ്ങൾ നേടിക്കൊണ്ടിരിക്കുകയാണ്.നമ്മുടെ പ്രകൃതിയിൽ കാലവസ്ഥയെന്നും ദിനാന്തരീക്ഷ സ്ഥിതി എന്നും രണ്ട് ഘടകങ്ങൾ ഉണ്ട്. കാലവസ്ഥ വർഷന്തോറും ഉണ്ടാകുന്നതും, ദിനാന്തരീക്ഷ രീതി നിത്യേന ഉണ്ടാകുന്ന അന്തരീക്ഷ സ്ഥിതിയുമാണ്. കാലവസ്ഥയുടെ അടിസ്ഥാനം ഭൂമിയുടെ സൂര്യനുമായുള്ള പ്രദിക്ഷണപാതയും ആയി നേരിട്ട് ബന്ധപ്പെട്ട് കിടക്കുന്നു. ഭൂമിയുടെ ഭ്രമണപഥത്തിലെ നിൽപ്പ് 23 ഡിഗ്രി ചെരിഞ്ഞാണ്. അതുകൊണ്ട് സൂര്യനിൽ നിന്ന് ലഭിക്കുന്ന താപം എല്ലായിടത്തും ഒരു പോലെ അല്ല ലഭിക്കുന്നത്. ദീർഘവൃത്ത പാതയിലെ ഭൂമിയുടെ ഭ്രമണം സുര്യനുമായുള്ള ദൂരം വർഷത്തിൽ നാലു പ്രാവശ്യം മാറുവാൻ കാരണമാകുന്നു. അങ്ങനെ ഋതുക്കൾ ഉണ്ടാകുന്നതിന് അത് കാരണമാകുന്നു. അതിനാൽ സുര്യന്റെ അന്തരീക്ഷ മണ്ഡലത്തിൽ സംഭവിക്കുന്ന ചെറിയ വ്യതിയാനം പോലും ഭൂമിയുടെ സന്തുലനാവസ്ഥ കേടു വരുത്തുവാൻ കാരണമാകും. ഭൂമിയുടെ കാന്തിക വലയത്തിൽ സംഭവിക്കുന്ന കേടുപാടുകൾ നിമിത്തം ഭൂമിയിൽ മനുഷ്യവാസം സാധ്യമാകാത്ത നിലയിലേക്ക് എത്തുകയാണ്. ഇപ്പോൾ തന്നെ ഭൂമിയുടെ കാന്തിക വലയത്തിൽ എക്യുനോക്സ് ക്രാക്സ് എന്ന വിള്ളൽ പ്രഘടമാണ്.അടിസ്ഥാനപരമായ സൗരയുഥ കേന്ദ്രികൃത കാലവസ്ഥ, പിന്നീട് പ്രകൃതിയിൽ സംഭവിച്ചു കൊണ്ടിരിക്കുന്ന മാറ്റങ്ങൾ. ഇന്ന് മനുഷ്യന്റെ സ്വാധീന ഫലമായി ഉണ്ടായി ഇന്നത്തെ ക്രമവും, സന്തുലിതവുമായ ജീവന്റെ നിലനില്പിനുവേണ്ടിയ കാലവസ്ഥ എല്ലാം പരസ്പര പൂരകങ്ങളായി കോടിക്കണക്കിന് വർങ്ങൾ കൊണ്ടി രൂപപ്പെട്ട് വന്നതാണ്. പ്രകൃതിയിലെ വ്യതിയാനങ്ങൾ ദൈനംദിനജീവിതത്തെതകരാറിലാക്കുമ്പോൾ അവയോട് പൊരുത്തപ്പെടുകയും മുൻകരുതലെടുക്കുകയുമാണ് മനുഷ്യൻ ചെയ്തുവന്നിട്ടുള്ളത്. കാലാവസ്ഥാ വ്യതിയാനങ്ങളുമായി പൊരുത്തപ്പെട്ട് മനുഷ്യൻ അനുകൂലനം ചെയ്യേണ്ടതുണ്ടെന്ന് ചില ശാസ്ത്രജ്ഞരെങ്കിലും വിശ്വസിക്കുന്നു. പരിസ്ഥിതി നേരിടുന്ന ഭീഷണികളെ കുറിച്ച് നിരവധി സംഘടനകളും അപായമണി മുഴക്കുന്നുണ്ട്. യുനെസ്കോ എന്ന് അറിയപ്പെടുന്ന ഐക്യരാഷ്ട്ര വിദ്യാഭ്യാസ ശാസ്ത്രീയ സാംസ്കാരിക സംഘടന, ഐക്യരാഷ്ട്ര പരിസ്ഥിതി പരിപാടി, ഗ്രീൻപീസ് എന്നിവ ഇവയിൽ ഉൾപ്പെടുന്നു. ചില സംഘടനകളും വ്യക്തികളും, പരിസ്ഥിതി പ്രശ്നങ്ങൾ തങ്ങളുടെ ജോലിയുമായി ബന്ധപ്പെട്ടു വരുന്ന സന്ദർഭങ്ങളിൽ അവ കേവലം റിപ്പോർട്ടു ചെയ്യുന്നു. മറ്റുള്ളവരാകട്ടെ, പാരിസ്ഥിതിക പ്രശ്നങ്ങൾ ജനശ്രദ്ധയിലേക്കു കൊണ്ടുവരാനുള്ള ഉദ്യമങ്ങൾക്കായി സ്വയം അർപ്പിച്ചിരിക്കുന്നു. പരിസ്ഥിതി വിവാദങ്ങൾ കൊടുമ്പിരികൊള്ളുന്ന സ്ഥലങ്ങളിലേക്ക് പ്രവർത്തകരെ അയയ്ക്കുന്നതിലും, ആഗോളതപനം, വംശനാശഭീഷണി നേരിടുന്ന ജൈവജാതികൾ, ജന്തുക്കളിലും സസ്യങ്ങളിലും ജനിതക വ്യതിയാനം വരുത്തുന്നതിൻറെ അപകടങ്ങൾ എന്നിവ പോലുള്ള പ്രശ്നങ്ങളിലേക്ക് ജനശ്രദ്ധ ആകർഷിക്കുന്നതിലും കേൾവികേട്ടതാണ് ഗ്രീൻപീസ് എന്ന സംഘടന. വ്യാവസായിക പുരോഗതിയുടെ ഉദ്ദേശ്യം ജീവിതം കൂടുതൽ സുഗമമാക്കുക എന്നതായിരുന്നു. ഈ ഉദ്ദേശ്യം സാധിക്കുന്നതിൽ ഒരളവുവരെ അതു വിജയിച്ചിട്ടുണ്ട്. എന്നിരുന്നാലും, ഈ 'പുരോഗതി' തന്നെയാണ് പാരിസ്ഥിതിക പ്രശ്നങ്ങളെ കൂടുതൽ വഷളാക്കുന്നത്. വ്യവസായം നമുക്കു കരഗതമാക്കിയിരിക്കുന്ന നൂതന കണ്ടുപിടിത്തങ്ങളെയും പുരോഗതികളെയും നാം വിലമതിക്കുന്നു. എന്നാൽ, ഇവയുടെ ഉത്പാദനവും ഉപഭോഗവുംതന്നെ മിക്കപ്പോഴും ലോകത്തിൻറെ പല ഭാഗങ്ങളുടെ നാശത്തിനു കാരണമാകുന്നു. ഭൂമിയുടെ മലിനീകരണത്തിൻറെ പരിണതഫലങ്ങൾ എത്ര വിപത്കരമായിരിക്കും എന്നതിനെ കുറിച്ച് ശാസ്ത്രജ്ഞന്മാർക്കുതന്നെ അഭിപ്രായൈക്യം ഇല്ലാത്തത് കാര്യങ്ങളെ കൂടുതൽ വഷളാക്കുന്നു. തന്നിമിത്തം, ചിലർ വിചാരിക്കുന്നത്ര ഗൗരവമുള്ളതോ ഇല്ലാത്തതോ ആയിരുന്നേക്കാവുന്ന ഒരു പ്രശ്നത്തെ നിയന്ത്രിക്കാനുള്ള ശ്രമത്തിൽ സാമ്പത്തിക വളർച്ചയുടെമേൽ എത്രത്തോളം പരിമിതികൾ കെട്ടിവെക്കണം എന്നതു സംബന്ധിച്ച് ഗവൺമെൻറ് നയരൂപവത്കരണ വിദഗ്ധന്മാർക്ക് ഒരു തീരുമാനത്തിലെത്താൻ കഴിയാതെ വന്നേക്കാം.മനുഷ്യവർഗം ധർമസങ്കടത്തിലാണ്. പ്രശ്നം ഉണ്ടെന്നും അതു സംബന്ധിച്ച് എന്തെങ്കിലും ചെയ്തേപറ്റൂ എന്നും എല്ലാവർക്കും അറിയാം. ചില രാഷ്ട്രങ്ങൾ ഇക്കാര്യത്തിൽ ആത്മാർഥമായ ശ്രമം നടത്തുന്നുണ്ട്, എങ്കിലും പരിസ്ഥിതി പ്രശ്നങ്ങളിൽ മിക്കതുംതന്നെ കൂടുതൽ വഷളാവുകയാണ്. ഭൂമി മനുഷ്യവാസയോഗ്യം അല്ലാതായിത്തീരാൻ വിധിക്കപ്പെട്ടിരിക്കുകയാണോ. അതെ എന്നാണ് ഉത്തരം കാരണം അനുദിനം വ്യതിയാനങ്ങളുടെയും മാറ്റം മറിച്ചിലുകളുടെയും ലോകമായി ഇത് മാറി.

---

## മെഗാ ബൈബിൾ ക്വിസ്

**ദുബായ്:** പിവൈപിഎ യുഎഇ റീജിയൻ മെഗാ ബൈബിൾ കിസ് വിപുലമായ ക്രമീകരണങ്ങളോടെ നടത്തും. പുറപ്പാട്, രാജാക്കൻമാർ, യിരെമ്യാവു, മത്തായി, റോമർ എന്നീ പുസ്തകങ്ങൾ അടിസ്ഥാനമാക്കിയാണ് ബൈബിൾ കിസ് നടത്തുന്നത്. പ്രാദേശിക സഭകളിൽ നിന്നും വിജയികളായവർ മെയ് 12ന് നടക്കുന്ന നോക്കൗട്ട് ലെവലിൽ പങ്കെടുക്കും. ജൂൺ 2ന് നടക്കുന്ന പരീക്ഷയിൽ ഫൈനൽ റൗണ്ടിലേക്ക് അഞ്ചു പേരെ തിരഞ്ഞെടുക്കും. സെപ്റ്റംബർ 15ന് ഷാർജ വർഷിപ്പ് സെന്ററാണ് ഗ്രാൻഡ് ഫിനാലെക്ക് വേദിയാകുന്നത്. ഏഴ് റൗണ്ടുകളിലായി നടക്കുന്ന ഫൈനലിന്റെ തൽസമയ സംപ്രേക്ഷണവും ഉണ്ടായിരിക്കും. പിവൈപിഎ റീജിയൻ ഭാരവാഹികളായ പാസ്റ്റർ പി.എം. സാമുവൽ, പാസ്റ്റർ സൈമൺ ചാക്കോ, ഷിബു മുള്ളംകാട്ടിൽ, സാമുവൽ ജോൺസൺ, ജെൻസൺ മാമ്മൻ, ജോബിൻ ജോൺ, ബ്ലസ്സൻ തോണിപ്പാറ, റോബിൻ സാം മാത്യു എന്നിവർ നേതൃത്വം നൽകും.

## സെന്റർ കൺവൻഷൻ

**റാന്നി:** ഐ.പി.സി. റാന്നി ഈസ്റ്റ് സെന്റർ 94-ാമത് കൺവൻഷൻ 2018 ഏപ്രിൽ 1 മുതൽ 8 ഞായർ വരെ, റാന്നി ഇട്ടിയപ്പാറ പെനിയേൽ ഗ്രൗണ്ടിൽ നടക്കും. സെന്റർ പ്രസിഡന്റ് പാസ്റ്റർ വർഗീസ് ഏബ്രഹാം പ്രാർത്ഥിച്ച് സമർപ്പിക്കുന്ന യോഗങ്ങളിൽ പാസ്റ്റർ ജേക്കബ് ജോൺ, പാസ്റ്റർ കെ. സി. തോമസ്, പാസ്റ്റർ ഷിബു നെടുവേലിൽ, പാസ്റ്റർ ബാബു ചെറിയാൻ, പാസ്റ്റർ പോൾ മാത്യു ഉദയപ്പൂർ, പാസ്റ്റർ ബെൻസൻ മത്തായി, പാസ്റ്റർ സാജൻ ജോയി, പാസ്റ്റർ ഐ. ജോൺസൺ കുണ്ടറ, പാസ്റ്റർ ജോൺ ജോർജ് എന്നിവർ പ്രസംഗിക്കും. ഡോ. ബ്ലസ്സൻ മേമന, ബ്രദർ സ്റ്റാൻലി കുമളി, ബ്രദർ കാലേബ് കുമ്പനാട്, ബ്രദർ സ്റ്റാൻലി റാന്നി എന്നിവർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നല്കും. പാസ്റ്റർ വർഗീസ് ഏബ്രഹാം, ഡോ. ഏബ്രഹാം വർഗ്ഗീസ്, പാസ്റ്റർ ബെൻസൻ തോമസ്, പാസ്റ്റർ തോമസ് മാത്യു, ബ്രദർ സണ്ണി പാട്ടമ്പലത്ത്, ബ്രദർ വി. പി. ഫിലിപ്പ് എന്നിവർ നേതൃത്വം നൽകും.

**അക്ഷരങ്ങളുടെ അത്ഭുതലോകം 12**

# സൂര്യതേജസ്സോടെ ജ്വലിക്കുന്ന തിരുവചനം



ടീയെസ് കപ്പമാംമൂട്ടിൽ

കവി, നോവലിസ്റ്റ്, ചരിത്രകാരൻ തുടങ്ങിയ നിലകളിൽ വിശ്വസാഹിത്യത്തിൽ വ്യക്തിമുദ്ര പതിപ്പിച്ച സാഹിത്യകാരനായിരുന്നു സർവാൾട്ടർ സ്കോട്ട്. പ്രൗഢഗംഭീരമായ അറുപതിലേറെ ഈടുറ്റ ഗ്രന്ഥങ്ങൾ ലോകസാഹിത്യത്തിന് സമ്മാനിച്ച അദ്ദേഹം ജീവിതത്തിന്റെ അവസാനത്തോട് നടന്നടുത്ത നിമിഷങ്ങൾ. അന്ത്യനിമിഷങ്ങളിൽ തന്റെ ജാമാതാവായ ലോക്ഹാർട്ടിനെ അരികിൽ വിളിച്ച് പുസ്തകം കൊണ്ടുവരാൻ ആവശ്യപ്പെട്ടു. ആയിരക്കണക്കിന് ഗ്രന്ഥങ്ങൾ ഭംഗിയായി അടുക്കിവെച്ചിരിക്കുന്ന അദ്ദേഹത്തിന്റെ സ്വകാര്യ ലൈബ്രറിയിൽ നിന്നും ഏതു പുസ്തകമാണ് അദ്ദേഹം ആവശ്യപ്പെടുന്നതെന്ന് അറിയാതെ ചിന്താക്കുഴപ്പത്തിലായ ലോക്ഹാർട്ട് ഭവ്യതയോടെ അദ്ദേഹത്തോട് ചോദിച്ചു.

"ഏതു പുസ്തകമാണ് ഡാഡിക്കുവേണ്ടത്?"

ഷെൽഫിലിരിക്കുന്ന ബൈബിൾ പ്രതിയിലേക്ക് വിരൽചൂണ്ടി വളരെ പണിപ്പെട്ട് അദ്ദേഹം പറഞ്ഞു.

"പുസ്തകമെന്നു പറയുവാൻ ഈ ലോകത്തിൽ ഒരു ഗ്രന്ഥം മാത്രമേയുള്ളൂ. അതാണ് വിശുദ്ധ ബൈബിൾ".

ക്രൈസ്തവമതത്തോടുള്ള അതിരുവിട്ട ആഭിമുഖ്യം കാരണം സങ്കുചിതമായിപ്പോയ കുടുസ്സു മനസ്സിൽ നിന്നും ബഹിർഗ്ഗമിച്ച കേവലമൊരു ജല്പനം മാത്രമായിരുന്നുവോ ആ വാക്കുകൾ? സർ വാൾട്ടർ സ്കോട്ട് രചിച്ച ഈടുറ്റ ഗ്രന്ഥങ്ങളായ ഐവൻ ഹോ, റോബ് റോയ്, ഓൾഡ് മോർട്ടാലിറ്റി, ദ ലേഡി ഓഫ് ദ ലേക്, ദ ബ്രൈഡ് ഓഫ് ലാമർമൂർ ഉൾപ്പെടെ ലോകസാഹിത്യത്തിലുള്ള നൂറ്റിമുപ്പതിലേറെ ക്ലാസ്സിക്കുകൾക്ക് പുസ്തകമെന്ന പരാമർശനത്തിന് യോഗ്യതയില്ലെന്നും, ആ പരാമർശനത്തിനുള്ള യോഗ്യത വിശുദ്ധ ബൈബിളിനു മാത്രമാണെന്നുമുള്ള പ്രസ്താവന, അമിതമായ മതഭക്തിയാൽ ഉൾക്കണ്ണുകൾക്ക് തിമിരം ബാധിച്ച ഒരു മതഭക്തന്റെ അവകാശ വാദമല്ലെ? ഈടുറ്റ ഇതര ഗ്രന്ഥങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ, മികവുകൾ കൊണ്ടും വ്യത്യസ്തതകൾകൊണ്ടും വിശ്വസാഹിത്യത്തിന്റെ ഔന്നത്യങ്ങളിൽ ചുവടുറപ്പിക്കുവാൻ മാത്രം എന്ത് മേന്മകളാണ് ബൈബിളിന് അവകാശപ്പെടുവാനുള്ളത്?

സത്യംതേടി യാത്ര ചെയ്യുന്ന നിഷ്പക്ഷമതികളായ അന്വേഷണ കുതുകികൾ ചോദിക്കുവാൻ സാദ്ധ്യതയുള്ള ചില ചോദ്യങ്ങളാണിത്.

ക്രൈസ്തവ വിശ്വാസികൾ ഈ ചോദ്യങ്ങൾ ദൈവത്തോടു ചോദിച്ചിരുന്നുവെങ്കിൽ എന്ന് ആത്മാർത്ഥമായി ആശിച്ചുപോകുന്നു. വിശ്വാസികൾ ഈ ചോദ്യങ്ങൾ ചോദിക്കുവാൻ വൈമുഖ്യം പ്രകടിപ്പിക്കുന്നതിന് പ്രധാനമായും ഒരു കാരണമുണ്ട്. ഒന്ന്, മണ്ണുകൊണ്ട് സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ഇത്തരം ചോദ്യങ്ങൾ ചോദിച്ചാൽ ദൈവകോപത്തിന് പാത്രമായിത്തീരുമെന്ന മിഥ്യാധാരണ.

ചോദ്യങ്ങൾ ചോദിച്ചതിന്റെ പേരിൽ മക്കളെ പൊതിരെ തല്ലുവാനോ, വീട്ടിൽ നിന്ന് ചവിട്ടിപ്പുറത്താക്കുവാനോ സുബോധമുള്ള ഒരു മാതാവോ പിതാവോ ഒരിക്കലും തയ്യാറാകുകയില്ല. അവരേക്കാൾ എത്രയോ ശ്രേഷ്ഠനാണ് സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവ്. ഏതു സമയത്തും അവിടുത്തെ തിരുസന്നിധിയിൽ വിശ്വാസത്താൽ കടന്നുചെന്ന് നമ്മുടെ മാനസിക സംഘർഷങ്ങളുടെ ഉപോത്പന്നങ്ങളായ ഭാരങ്ങളും വേദനകളും പങ്കുവയ്ക്കുവാനും മനസ്സിനെ കടിച്ചുകുടയുന്ന ചോദ്യങ്ങൾ അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്ന ധന്യനായ ഏകാധിപതിയോടു ചോദിക്കുവാനുമുള്ള സ്വാതന്ത്ര്യം തന്റെ പുത്രനായ ക്രിസ്തുവിലൂടെ നാം പ്രാപിച്ച അവകാശമാണ്.

ദൈവത്തോടു ചോദ്യങ്ങൾ ചോദിക്കുന്നതും ദൈവത്തെ ചോദ്യം ചെയ്യുന്നതും വ്യത്യസ്തങ്ങളായ അനുഭവങ്ങളാണ്. ദൈവസന്നിധിയിൽ ചോദ്യങ്ങൾ ചോദിച്ച നിരവധി ഭക്തന്മാർ ബൈബിളിലുണ്ട്. അവരാരും ദൈവകൃപ നഷ്ടപ്പെടുത്തിയില്ല; ദൈവകോപത്തിന് പാത്രമായുമില്ല. അതിന് ഏറ്റവും നല്ല ഉദാഹരണമാണ് ദൈവത്താൽ സാക്ഷ്യം പ്രാപിച്ച ഭക്തനായ ഇയ്യോബ്. ചോദ്യങ്ങളുടെ ഒരു പെരുമഴ തന്നെ വർഷിപ്പിച്ചുകൊണ്ട് ഇയ്യോബിന്റെ ചോദ്യങ്ങളോട് സ്വർഗ്ഗസ്ഥനായ ദൈവം പ്രതികരിച്ചത്. സൃഷ്ടാവിന്റെ ചോദ്യശരങ്ങൾക്കുമുമ്പിൽ ആടിയുലഞ്ഞുപോയ ഇയ്യോബ് തന്റെ കുറവുകളെ ഏറ്റുപറഞ്ഞ് സ്വയം താഴ്ത്തിയ നിമിഷങ്ങളിൽ ദൈവത്തോട് ഭയഭക്തിയോടെ പറഞ്ഞ വാക്കുകൾ ശ്രദ്ധേയമാണ്.

"നിനക്കു സകലവും കഴിയുമെന്നും നിന്റെ ഉദ്ദേശ്യമൊന്നും അസാദ്ധ്യമല്ലെന്നും ഞാൻ അറിയുന്നു. അറിവുകൂടാതെ ആലോചനയെ മറിച്ചുകളയുന്നോരിവനാർ? അങ്ങനെ എനിക്കറിഞ്ഞുകൂടാതെവണ്ണം അത്ഭുതമേറിയത് ഞാൻ തിരിച്ചറിയാതെ പറഞ്ഞുപോയി. കേൾക്കേണമേ; ഞാൻ സംസാരിക്കും; ഞാൻ നിന്നോടു ചോദിക്കും; എന്നെ ഗ്രഹിപ്പിക്കേണമേ" (ഇയ്യോബ് 42:2-4).

ചോദ്യങ്ങൾ ചോദിച്ച ഇയ്യോബിന്റെമേൽ ദൈവം ശാപവചസ്സുകൾ ചൊരിഞ്ഞില്ല; പ്രത്യുത, അനുഗ്രഹത്തിന്റെ പെരുമഴ അവന്റെമേൽ കോരിച്ചൊരിഞ്ഞ ദൈവസ്നേഹം എത്ര അപ്രമേയം.

വിശുദ്ധബൈബിളിനെ ഈടുറ്റ ഇതരഗ്രന്ഥങ്ങളിൽ നിന്നും വ്യത്യസ്തമാക്കുന്നത് ഇതിന്റെ സാഹിത്യമൂല്യങ്ങൾ മാത്രമല്ല, അതിലുമുപരി, അതിൽ ഉൾക്കൊള്ളുന്ന ആത്മീയമൂല്യങ്ങളും, ലോകജ്ഞാനികൾക്ക് ഉൾക്കൊള്ളുവാൻ കഴിയാത്ത ആത്മീയ മർമ്മങ്ങളുമാണ്".

ബൈബിളിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന നിരവധി പ്രവചനങ്ങൾ വർഷങ്ങൾക്ക് ശേഷം, രേഖപ്പെടുത്തിയ വിവരണങ്ങൾക്ക് അനുസരണമായി ഒരു വ്യത്യാസവുമില്ലാതെ നിവൃത്തിയായി. ജനിക്കുവാൻ പോകുന്ന പലരുടെയും പേരുകൾ മുന്നമെ തന്നെ രേഖപ്പെടുത്തിയ ഒരു ഗ്രന്ഥം ഈ ഭൂമുഖത്തുണ്ടെങ്കിൽ അത് ദൈവത്തിന്റെ തിരുവചനം മാത്രമാണ്.

ചരിത്രത്തോടും പുരാവസ്തുശാസ്ത്രമുൾപ്പെടെയുള്ള വിവിധ ശാസ്ത്രശാഖകളോടുമുള്ള ബന്ധത്തിൽ തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന പല വസ്തുതകളും അന്നത്തെ ലോകത്തിനുണ്ടായിരുന്ന അറിവുകളേക്കാൾ പതിന്മടങ്ങ് അറിവുകളാണ് അനാവരണം ചെയ്തത്. ഇന്നത്തെ ജ്ഞാനികളിൽ അഗ്രഗണ്യരായവർക്കോ, ഇന്ന് അന്താരാഷ്ട്ര വിപണിയിൽ സുലഭമായ കമ്പ്യൂട്ടറുകളിൽ ഏറ്റവും മികച്ച കമ്പ്യൂട്ടറിനോ വിഭാവന ചെയ്യുവാൻപോലും കഴിയാത്ത നിലയിലുള്ള തികച്ചും സങ്കീർണ്ണമായ ഗണിതശാസ്ത്രപരമായ രൂപകല്പനകളും കോഡുകളും തിരുവചനത്തിലുള്ള പേരുകളിലും സംഖ്യകളിലും ഉൾക്കൊള്ളിച്ചിരിക്കുന്നു.

അതിനേക്കാളുമുപരി, നമ്മെ അത്ഭുതപ്പെടുത്തുന്നത് യെഹൂദവംശജരായ കമ്പ്യൂട്ടർ ശാസ്ത്രജ്ഞന്മാരുടെ കണ്ടുപിടിത്തമാണ്. പഴയനിയമത്തിൽ 'തോറ'യെന്ന് അറിയപ്പെടുന്ന മോശെയുടെ പഞ്ചഗ്രന്ഥങ്ങളിലെ ഓരോ വാക്യങ്ങളിലും കൃത്യമായ അന്തരാളങ്ങളിൽ നിഗൂഡമായ സന്ദേശങ്ങളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്.

സങ്കീർണ്ണമായ ഈ രൂപകല്പനകൾക്ക് പിമ്പിലുള്ള ശക്തി, ലോകജ്ഞാനത്തെ നിഷ്പ്രഭമാക്കുന്ന ദിവ്യജ്ഞാനത്തിന്റെ ഉറവിടമായ ദൈവമാണ്.

പരിശുദ്ധാത്മ നിയോഗം പ്രാപിച്ച നാല്പതിലേറെ ഗ്രന്ഥകർത്താക്കൾ ബി. സി. 1500നും, എ. ഡി. ഒന്നാം ശതാബ്ദത്തിനും ഇടയിലുള്ള 1600 വർഷങ്ങൾക്കുകൊണ്ട് ഏഷ്യ, യൂറോപ്പ്, ആഫ്രിക്ക എന്നീ ഭൂഖണ്ഡങ്ങളിലിരുന്ന് എബ്രായ, ആരാമ്യ, യവനായ ഭാഷകളിൽ രചിച്ച വിശുദ്ധ ബൈബിളിനോട് കിടപിടിക്കുവാൻ കഴിയുന്നൊരു ഗ്രന്ഥം ഭൂമുഖത്ത് ഇന്നുവരെ വെളിച്ചം കണ്ടിട്ടില്ല.

bookonpsalm23@gmail.com

# പുസ്തകം പ്രകാശനം ചെയ്തു



• മോൻസി മാമ്മൻ പൂനെ

**പൂനെ:** പൂനെ യൂണിയൻ ബിബ്ലിക്കൽ സെമിനാരി അധ്യാപകനായ ഡോ.ജോൺസൻ തോമസുകുട്ടി രചിച്ച "Saint Thomas the Apostle: New Testament, Apocrypha, and Historical Traditions" പുസ്തകം യൂണിയൻ ബിബ്ലിക്കൽ സെമിനാരി അസിസ്റ്റന്റ് പ്രിൻസിപ്പാൾ ഡോ. ലാനു ജമീർ പ്രകാശനം ചെയ്തു.പുസ്തകത്തിന്റെ ആദ്യ കോപ്പി സെമിനാരി ലൈബ്രേറിയൻ അർപിത് ദേശായി സ്വീകരിച്ചു. ബൈബിളിലെ യേശുവിന്റെ ശിഷ്യനായ തോമസിനെ കുറിച്ചുള്ള ആധികാരികമായ പഠനമാണ് പുസ്തകത്തിന്റെ ഇതിവൃത്തം.ദൈവശാസ്ത്ര പഠനരംഗത്തു ക്രിസ്തുശിഷ്യനായ തോമസിനെ കുറിച്ചുള്ള ആധികാരികമായ ഒരു പഠന ഗ്രന്ഥം ഇതാദ്യമായാണ് ഇന്ത്യയിൽ പ്രസിദ്ധീകരണം ചെയുന്നത്. വേദശാസ്ത്ര പഠനരംഗത്തു ഒട്ടേറെ പഠനങ്ങൾക്കു ഈ ഗ്രന്ഥം ഒരു മുതൽകൂട്ടാകുമെന്നു ഗ്രന്ഥകാരൻ പറഞ്ഞു. ഗ്രന്ഥകർത്താവ് യൂണിയൻ ബിബ്ലിക്കൽ സെമിനാരിയിലെ പുതിയ നിയമ വിഭാഗത്തിന്റെ ചുമതല വഹിക്കുന്നു, അപ്പോൾ തന്നെ അറിയപ്പെടുന്ന പ്രഭാഷകനും വേദാധ്യാപകനുമാണ്. തിയോളജിക്കൽ പ്രസിദ്ധീകരണരംഗത്തു പ്രമുഖരായ ബ്ലുംസ്ബെറി പബ്ലിക്കേഷനും T &T ക്ലാർക്ക് ന്യൂയോർക്ക്, സംയുകതമായി ചേർന്നാണ് ബുക്ക് പബ്ളിഷ്ചെയ്തിരിക്കുന്നത്. പുസ്തകത്തിന്റെ കോപ്പികൾ amazon.com വഴി കരസ്ഥമാക്കാവുന്നതാണ്.

# ഓപ്പൺ സ്കൂൾ ഓഫ് മിനിസ്ട്രി

2018-19 അദ്ധ്യയനവർഷത്തിൽ ദൈവവചനം ക്രമീകൃതമായി പഠിച്ച് സഭയിലും ഇതരമേഖലകളിലും ആത്മീയശുശ്രൂഷ ചെയ്യുവാൻ ആഗ്രഹിക്കുന്നവർക്ക് ദൈവവചനം അഭ്യസിക്കുവാൻ ഓപ്പൺ സ്കൂൾ ഓഫ് മിനിസ്ട്രിയിലൂടെ ഐ.പി.സി.തിയോളജിക്കൽ സെമിനാരി കോട്ടയം വീണ്ടും നൽകുന്നു. സൺഡേസ്കൂൾ അധ്യാപകർ. യുവജനപ്രവർത്തകർ, സഭാപ്രവർത്തകർ ഇതര ആത്മീക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ഏവർക്കും പ്രയോജനപ്പെടുന്ന തരത്തിലുള്ള ക്ലാസ്സുകളാണ് ക്രമീകരിച്ചിരിക്കുന്നത്. പ്രായപരിധി ഇല്ല. ഇംഗ്ലീഷ്/മലയാളം ഭാഷകളിലായിരിക്കും അഭ്യസനം. മൂന്ന് ടേമുകളിലായി ഒരു വർഷമാണ് പഠനകാലാവധി. 2018 മെയ് മാസത്തിൽ ക്ലാസുകൾ ആരംഭിക്കുന്നതാണ്. ആഴ്ചയിൽ മൂന്ന് ദിവസം (തിങ്കൾ, ചൊവ്വ, ബുധൻ) രാവിലെ 9.30 മുതൽ 1.00 മണി വരെയാണ് ക്ലാസുകൾ നടത്തപ്പെടുന്നത്. ബൈബിൾ, ക്രിസ്തീയ ശുശ്രൂഷ, സുവിശേഷവേല, കൗൺസലിംഗ് എന്നീ മേഖലകളെ കേന്ദ്രീകരിച്ചാണ് പഠനവിഷയങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. പഠനം പൂർത്തിയാക്കുന്നവർക്ക് ഒരു വർഷത്തെ സർട്ടിഫിക്കറ്റ് ഇൻ മിനിസ്ട്രി എന്ന ബിരുദം നൽകുന്നതാണ്. പഠിക്കുവാൻ ആഗ്രഹിക്കുന്നവർ മെയ് 10-ാം തീയതിക്കകം പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.




Q&A ചോദ്യോത്തരവേദി

# പാസ്റ്റർ ജെയിംസ് പൊന്നോലിലിന്റെ ആഭരണ വർജ്ജനത്തെക്കുറിച്ചുള്ള ദർശനം



ജോർജ്ജ് ഫിലിപ്പ് തെക്കേക്കര

**ചോദ്യം:** പിതാക്കന്മാർ ഇട്ട അതിര് മാറ്ററുതെന്നും ആഭരണം വർജിക്കണമെന്നുള്ള ദർശനം പാസ്റ്റർ ജെയിംസ് പൊന്നോലിൽ കണ്ടതായിട്ടുള്ള ഒരു ലേഖനം 'സ്വർഗ്ഗീയധ്വനി' പത്രത്തിൽ വായിക്കുകയുണ്ടായി. ആ ലേഖനം അയച്ചുതരുന്നു. കാനം അച്ചനും ആഭരണധാരണത്തിന് എതിരാണ്. എന്നാൽ ഐ.പി.സി. സെക്രട്ടറി രാജു പൂവക്കാല പാസ്റ്ററായിരിക്കുന്ന സഭയിൽ ആഭരണധാരികളുണ്ട്. പ്രതികരിക്കുമോ?

**– ജോസഫ് പി.വി., അമര, ചങ്ങനാശ്ശേരി**

**ഉത്തരം:** ലേഖനം വായിച്ചു. അദ്ദേഹം ഉറക്കത്തിൽ സ്വപ്നം കണ്ടതാണെന്ന് ലേഖനത്തിലുണ്ട്. സ്വപ്നങ്ങൾ പലതും ഉപബോധമനസ്സിലെ കുറ്റബോധങ്ങളും ചിന്താഗതികളും ചില കഥകളുടെ രൂപത്തിൽ പുറത്തുവരുന്നതാണ്. ഉറങ്ങാതിരിക്കുമ്പോൾ കിട്ടുന്ന കാഴ്ചപ്പാടുകളാണ് ദർശനം. സ്വപ്നങ്ങളും ദർശനങ്ങളും വ്യക്തിപരമായ ചില നീക്കങ്ങൾക്ക് ഉപകരിക്കുമെങ്കിലും സഭകൾക്കുള്ള ഉപദേശത്തിന് അത് മതിയാകുന്നതല്ല. അദ്ദേഹം പെന്തെക്കോസ്തിന്റെ മൂന്നാം തലമുറയിൽപെട്ട വ്യക്തിയാണെന്ന് ലേഖനത്തിലുണ്ട്. പിതാക്കന്മാർ ഇട്ടുകൊടുത്ത അനാവശ്യ കുറ്റബോധങ്ങളിൽ നിന്ന് അദ്ദേഹം ഇപ്പോഴും മോചിതനായിട്ടില്ലെന്ന് തോന്നുന്നു. സർക്കസ്, സിനിമ, നാടകം, ഫുട്ബോൾ, വോളിബോൾ, ബാഡ്മിന്റൺ മുതലായ കലാകായിക മേളകൾ കാണുകയോ പങ്കെടുക്കുകയോ ചെയ്യുക, ആഭരണം ധരിക്കുക, മേൽമീശ വടിക്കാതിരിക്കുക, നിറമുള്ള വസ്ത്രങ്ങൾ ധരിക്കുക മുതലായ മാനസിക ശാരീരിക സുഖങ്ങളൊന്നും കർത്താവിനിഷ്ടമില്ലെന്ന് പിതാക്കന്മാർ പഠിപ്പിച്ചതിന്റെ അനന്തരഫലമായിട്ടാണ് അനാവശ്യ കുറ്റബോധങ്ങളുണ്ടാകുന്നത്. എങ്കിലും അദ്ദേഹത്തിന്റെ ഭക്തിയേയോ കർത്താവുമായുള്ള ബന്ധത്തിനെയോ ഞാൻ അളക്കുന്നില്ല, വിധിക്കുന്നില്ല. **പലരും തങ്ങളുടെ അജ്ഞതയിൽ മരിക്കാൻ വിധിക്കപ്പെട്ടവരാണ്.** കത്തോലിക്ക സഭാംഗങ്ങൾ ബൈബിൾ വായിക്കാൻ പാടില്ലായെന്ന് അവരുടെ സഭാനേതൃത്വം ഏതാണ്ട് 1000 വർഷത്തേക്ക് നിരോധിച്ചിരുന്നല്ലോ? മാത്രമല്ല ഈ സ്വർണ്ണാഭരണ വിഷയത്തിലുള്ള പെന്തെക്കോസ്തു-ബ്രദറൺകാരുടെ **അജ്ഞത** പല അവിശ്വാസികളെയും സുവിശേഷയോഗങ്ങളിൽ നിന്നകറ്റാമെന്നല്ലാതെ, പല വിശ്വാസികളെയും സമൂഹത്തിൽ നിന്നകറ്റാമെന്നല്ലാതെ, വളർച്ച പ്രാപിക്കാതെ വിശ്വാസികളെ വ്യാജ പദ്ധതികൾ അവതരിപ്പിച്ച് സഭാനേതാക്കൾക്ക് ഊറ്റാമെന്നല്ലാതെ, വ്യക്തിപരമായ രക്ഷയുമായി ബന്ധപ്പെട്ട വിഷയമല്ല.

സ്വപ്നങ്ങളാലും, ദർശനങ്ങളാലും, അന്യഭാഷയാലും, ആത്മനിറവിനാലും ദൈവത്തെ ആരാധിക്കുന്ന അസംബ്ലീസ് ഓഫ് ഗോഡ് മലബാർ റീജിയൻ ആഭരണധാരണത്തെ അനുകൂലിക്കുന്നു. അസംബ്ലീസ് ഓഫ് ഗോഡ് ഇന്റർനാഷണൽ ഹെഡ് ക്വാർട്ടേഴ്സും കാനം അച്ചൻ അംഗമായിരിക്കുന്ന ചർച്ച് ഓഫ് ഗോഡിന്റെ രാജ്യാന്തര നേതാക്കളും ആഭരണധാരണത്തെ അനുകൂലിക്കുന്നു. ആഭരണധാരണം തെറ്റാണെന്ന് ദൈവവചനമോ ദൈവാത്മാവോ അവരെ ബോദ്ധ്യപ്പെടുത്തുന്നില്ല. ലോകപ്രശസ്ത സുവിശേഷകരായ **റെയ്നാർഡ് ബൊങ്കെ, ബില്ലിഗ്രഹാം** മുതലായവർ സ്വർണ്ണമോതിരമിട്ടാണ് പതിറ്റാണ്ടുകളായി ശുശ്രൂഷ ചെയ്യുന്നത്. സ്വർണ്ണത്തെ എതിർക്കുന്ന കേരളത്തിലെ പെന്തെക്കോസ്തു-ബ്രദറൺ സഭകളിലെ പല പാസ്റ്റർമാരുടെയും മൂപ്പന്മാരുടെയും **കണ്ണട, പേന, വാച്ച്, ബട്ടൻസ്, പല്ല്, പെട്ടിയുടെ ബക്കിൾ മുതലായവ സ്വർണ്ണമാണ്.** പാസ്റ്റർ ജെയിംസ് പൊന്നോലിൽ ശുശ്രൂഷ ചെയ്യുന്ന അമേരിക്കയിൽ തൊണ്ണൂറുശതമാനം പെന്തെക്കോസ്തുകാരും ആഭരണധാരികളാണെന്നാണ് എന്റെ അറിവ്. ആഭരണം ഇട്ടാൽ തൊലിക്ക് അലർജി ഉണ്ടാകുന്നവർ ആഭരണം ധരിക്കാതിരിക്കുന്നു. സ്വർണ്ണം ദൈവത്തിന്റെയും ദൈവീകവുമായതിനാൽ (ഹഗ്ഗായി 2:6–8; യെശയ്യാവ് 61:10) മനുഷ്യർക്ക് ഇതിനോട് ഏദെൻതോട്ടം മുതൽ പുതിയ യെരുശലേം വരെ ആഗ്രഹമുണ്ട്.

സ്വർഗ്ഗത്തിൽ എന്നേക്കും സ്ഥിരമായിരിക്കുന്ന ദൈവവചനപ്രകാരം, **ലൈംഗീക ദുർന്നടപ്പു കൊണ്ടല്ലാതെ,** സ്വർണ്ണം ഇട്ടതുകൊണ്ട് മനുഷ്യശരീരം ദുഷിക്കപ്പെടുന്നില്ല (1 കൊരി.6:18).

**ദൈവത്തിന് സ്വർണ്ണത്തോട് വെറുപ്പോ?**

1) കിഴക്കു നിന്ന് വന്ന വിദ്വാന്മാർ കർത്താവിന് സമ്മാനമായി കൊടുത്തത് പൊന്നാണ് (മത്തായി 2:11)

2) ഹെരോദാ രാജാവിന്റെ മരണം വരെ ശിശുവായ യേശുവിനെ കൊണ്ട് മിസ്രയിമിൽ ജീവിക്കാനുള്ള പണം ജോസഫും മറിയയും കണ്ടെത്തിയത് വിദ്വാന്മാർ കൊടുത്ത സ്വർണ്ണം കൊണ്ടാണ് (മത്തായി 2: 13–15)

3) കർത്താവിന്റെ സഹോദരനായ യാക്കോബ് **സ്വർണ്ണാഭരണം** ധരിച്ച് സഭയിൽ വരുന്ന വിശ്വാസികളെ സ്വീകരിക്കാൻ ഉപദേശിക്കുന്നു (യാക്കോബ് 2:2,3)

4) മാറത്ത് **പൊൻകച്ച** കെട്ടികൊണ്ട് കർത്താവായ യേശു വെളിപ്പെടുമ്പോൾ (വെളിപ്പാട് 1:13), **ഓഫിർതങ്കമണിയാതെ രാജ്ഞിയാകുന്ന സഭ** മുഖപ്രസാദമില്ലാതെ പാട്ടുപെടുന്നു (സങ്കീർത്തനം 45:9)

5) ഏദെൻതോട്ടത്തിൽ ധാരാളം **സ്വർണ്ണമുണ്ടായിരുന്നു** (ഉല്പത്തി 2:12)

6) സ്വർഗ്ഗത്തിൽ **സ്വർണ്ണമുണ്ട്** (വെളിപ്പാട് 4:4)

7) പുതിയ യെരുശലേമിൽ **സ്വർണ്ണമുണ്ട്** (വെളിപ്പാട് 21:18)

8) **സ്ത്രീകളുടെ എല്ലാ സ്വർണ്ണാഭരണങ്ങളും രൂപകല്പന ചെയ്തത് പിതാവായ ദൈവമാണ്:** "ഞാൻ നിന്നെ ആഭരണങ്ങളാൽ അലങ്കരിച്ചു: നിന്റെ കൈകളിൽ വളകളും കഴുത്തിൽ മാലയും...മൂക്കിന് മൂക്കുത്തിയും കാതിൽ കുണുക്കും അണിയിച്ചു....ഞാൻ നിന്നെ അണിയിച്ച അലങ്കാരം കൊണ്ട് നിന്റെ സൗന്ദര്യം പരിപൂർണ്ണമായതിനാൽ നിന്റെ കീർത്തി ജനങ്ങളുടെ ഇടയിൽ പരന്നു' എന്നു യഹോവയായ ദൈവം അരുളിച്ചെയ്യുന്നു" (യെഹസ്കേൽ 16:11–14).

9) കർത്താവ് പറഞ്ഞ ഉപമയിൽ മുടിയനായ പുത്രൻ തിരിച്ചുവന്നപ്പോൾ വിരലിൽ **മോതിരമിട്ട്** സ്വീകരിക്കാനാണ് അപ്പൻ പറഞ്ഞത് (ലൂക്കോസ് 15:11–22).

10) കർത്താവ് പറഞ്ഞ ഉപമയിൽ നഷ്ടപ്പെട്ടുപോയ ഒരു വെള്ളിനാണയം തിരിച്ചുകിട്ടുമ്പോഴുള്ള സന്തോഷത്തെക്കുറിച്ച് വിവരിച്ചു (ലൂക്കോസ് 15:8–10)

11) സമാഗമന കൂടാരത്തിന്റെ ശുശ്രൂഷയ്ക്ക് ദൈവം **സ്വർണ്ണം** സ്വീകരിക്കുന്നു (പുറപ്പാട് 35: 22).

12) അഹരോനുള്ള വിശുദ്ധ വസ്ത്രത്തിൽ **സ്വർണ്ണം** പിടിപ്പിക്കുന്നു (പുറപ്പാട് 39)

13) ദൈവം രൂപകല്പന ചെയ്ത യെരുശലേം ദൈവാലയം **സ്വർണ്ണം** കൊണ്ട് പൊതിയുന്നു (1 രാജാക്കന്മാർ 6:21,22)

14) ദാനിയേൽ പ്രവാചകനെ സന്ദർശിച്ച ദൈവദൂതന്റെ വസ്ത്രത്തിൽ സ്വർണ്ണമുണ്ടായിരുന്നു (ദാനിയേൽ 10:5)

15) സമചിത്തതയില്ലാതെ, ലജ്ജാശീലമില്ലാതെ, യോഗ്യമായ വസ്ത്രമില്ലാതെ സൗമ്യതയും ശാന്തതയുമുള്ള മനസ്സില്ലാതെ, മുടി അലങ്കരിച്ചതുകൊണ്ടോ, വിലകൂടിയ വസ്ത്രം ധരിച്ചതുകൊണ്ടോ പൊന്നണിഞ്ഞതുകൊണ്ടോ ദൈവസന്നിധിയിലോ മനുഷ്യരുടെ കൂട്ടായ്മകളിലോ ഗുണമൊന്നുമില്ല (1 തിമൊ.2:9; 1 പത്രോസ് 3:3–6). ദൈവത്തിൽ പ്രത്യാശവച്ചിരുന്ന വിശുദ്ധ സ്ത്രീകളായ സാറാ, റിബേക്കാ, റേച്ചൽ ഇവർക്കെല്ലാം മേൽവിവരിച്ച ആന്തരീക സൗന്ദര്യം ഉണ്ടായിരുന്നു. കൂട്ടത്തിൽ അവർ **ആഭരണവും** ധരിച്ചിരുന്നു (ഉല്പത്തി 24:30).

1 തിമൊ. 2:9 ശരിക്ക് പഠിക്കാതെ ആഭരണവർജ്ജനം ഉപദേശമായി മാറ്റുമ്പോൾ ശ്രദ്ധിക്കേണ്ടിയിരുന്നു. കാരണം,

a) സ്ത്രീയെ തൊടാതിരിക്കുന്നത് മനുഷ്യന് നല്ലത് (1 കൊരി. 7:1) എന്ന ദൈവവചനം മാത്രമായി വ്യാഖ്യാനം ചെയ്യുകയാണെങ്കിൽ ആരും വിവാഹം ചെയ്യാൻ പാടില്ല എന്നു വരും

b) അധികം ശിക്ഷാവിധി വരും എന്നറിഞ്ഞ് നിങ്ങളിൽ അനേകർ ഉപദേഷ്ടാക്കന്മാർ ആകരുത് (യാക്കോബ് 3:1) എന്നുള്ള വചനം മാത്രമായി വ്യാഖ്യാനം ചെയ്യുകയാണെങ്കിൽ ആരും ഉപദേഷ്ടാക്കന്മാർ ആകാൻ പാടില്ല എന്നു വരും.

c) 'പുരുഷന് മുടി നീട്ടുന്നത് അവന് അപമാനം' (1 കൊരി.11:14). നമ്മുടെ മുടി ഒരു ദിവസം കൊണ്ട് 1 മില്ലിമീറ്റർ എങ്കിലും വളരും. 1 മില്ലിമീറ്റർ എന്നത് ചെറിയ നീളം ആണെങ്കിലും അത് നീളം തന്നെയാണ്. മുടി നീട്ടരുത് എന്നത് കല്പനയാണെങ്കിൽ എല്ലാ ദിവസവും തല വടിപ്പിക്കേണ്ടിവരും.

15) 3500 വർഷങ്ങൾക്കുമുമ്പ് യിസ്രായേൽ ജനം കനാനിലേക്കുള്ള യാത്രാമദ്ധ്യേ ജനത്തിന്റെ ആഭരണം ഉപയോഗിച്ച് അഹരോൻ പുരോഹിതൻ കാളക്കുട്ടിയെ ഉണ്ടാക്കി ജനത്തെക്കൊണ്ട് ആരാധിപ്പിച്ച് ദൈവത്തെ കോപിപ്പിച്ചു. തുടർന്ന് കനാൻദേശത്ത് എത്തുന്നതുവരെ (ഏതാണ്ട് 40 വർഷം) അവർ ആഭരണം ഉപയോഗിച്ചില്ല (പുറപ്പാട് 33).

തീക്ഷണതകൂടി കഴിഞ്ഞ നൂറ്റാണ്ടിലെ കേരളത്തിലെ വിശ്വാസവീരന്മാരാണ് സ്വർണ്ണാഭരണനിരോധനം കല്പനാ രൂപത്തിലാക്കിയത്. അനേകം പേർ കർത്താവിനെ സഭയിൽ വന്നറിഞ്ഞ് രക്ഷിക്കപ്പെടുവാൻ തടസം നിന്നു എന്നുള്ളത് ആഭരണനിരോധനം കൊണ്ടുള്ള ഒരു ഫലമാണ്. കാരണം പല സംസ്കാരങ്ങളിലും ദുഃഖത്തിന്റെ ഭാഗമായി വിധവമാരാണ് ആഭരണം ഇടാതെ നടക്കുന്നത്. തീക്ഷണതകൂടി സ്വന്തം ഭാര്യയെ ഉപേക്ഷിച്ച് വേറെ സ്ത്രീകളുമായി വിശ്വാസമന്ദിരത്തിൽ താമസിച്ച് പേരുദോഷം ഉണ്ടാക്കിയതുകൊണ്ടും ഇന്നും അത് ആവർത്തിക്കുന്നതുകൊണ്ടും പലരും കർത്താവിന്റെ ഉപദേശങ്ങളെ സംശയിക്കുന്നു. യേശുവിൽ വിശ്വസിച്ചു രക്ഷിക്കപ്പെട്ടാൽ പിന്നെ സ്വർണ്ണാഭരണം ധരിക്കരുത് എന്നു ഉപദേശിക്കുന്ന കേരളത്തിലെ ബ്രദറൺ-പെന്തെക്കോസ്തു സഭാനേതാക്കൾ തങ്ങൾ വിഭാവനം ചെയ്യുന്ന ക്രിസ്തീയ സഭ എന്ത് ധരിക്കണം എന്ന പ്രാഥമികമായ ഒരു മനുഷ്യാവകാശത്തിന്മേൽ നിയന്ത്രണം അടിച്ചേൽപ്പിക്കുന്ന ഒരു വികലഭക്തി പ്രസ്ഥാനമായി (Cult) സമൂഹം കാണുന്നു.

ഒന്നാം നൂറ്റാണ്ടിലെ പ്രതിസന്ധി നിമിത്തം വിവാഹം കഴിക്കാതിരിക്കുന്നതാണ് നല്ലതെന്ന് അപ്പൊസ്തലൻ **കല്പനയായിട്ടോ ഉപദേശമായിട്ടോ പറയാതെ അഭിപ്രായം പറഞ്ഞതുപോലെ (1 കൊരി. 7:25–27).** ഇന്നത്തെ ലോകത്തിന്റെ അവസ്ഥയിൽ, ഹൃദയകാഠിന്യമുള്ള അവിശ്വാസികളുടെയും മോഷ്ടാക്കളുടെയും ദൃഷ്ടി പതിയാതിരിക്കണമെങ്കിൽ, സ്വർണ്ണാഭരണങ്ങൾ വളരെ ലളിതമായി ധരിക്കുകയാണ് ഉത്തമം. സ്വർണ്ണം ധരിക്കുന്നതുകൊണ്ട് ദൈവസന്നിധിയിൽ ഒരു പ്രാഗത്ഭ്യകുറവും ഉണ്ടാകുന്നില്ല. കാരണം അത് കർത്താവിന്റെ കല്പനയിൽപെടുന്നില്ല.

മൂന്നുതലമുറ മുമ്പുള്ള പെന്തെക്കോസ്തു പിതാക്കന്മാർ ഇട്ട വിശ്വാസപ്രമാണത്തിന്റെയും വ്യാഖ്യാനങ്ങളുടെയും അതിര് കടക്കരുതെന്ന് വാദിക്കുന്നവരോട് ഒരു വാക്ക്: പിതാക്കന്മാർക്ക് രോഗം വന്നപ്പോൾ അവർ പോയ നാട്ടുവൈദ്യശാലകളിലേക്ക് ഇന്നാരും പോകാറില്ല. പിതാക്കന്മാർ പഠിച്ച സർക്കാർ പ്രൈമറി സ്കൂളിൽ ഇന്നാരും പഠിക്കാറില്ല. അവർ ചെയ്ത നാടൻ കൃഷിരീതി ഇന്നാരും അവലംബിക്കാറില്ല. അവർ വിവാഹം കഴിച്ച പ്രായത്തിൽ ഇന്നാരും വിവാഹം കഴിക്കാറില്ല. പിതാമഹിമാർ വീട്ടിൽ കിടന്ന് പ്രസവിച്ചതുപോലെ ഇന്നാരും വീട്ടിൽ കിടന്ന് പ്രസവിക്കാറില്ല. അവർ കഴിച്ച നാടൻ ഭക്ഷണമൊന്നും ഇന്നാർക്കും വേണ്ട. അവർ ഉപയോഗിച്ച എണ്ണയോ കുഴമ്പോ ഇന്നാരും ദേഹത്തു തേക്കാറില്ല. അവർ ധരിച്ച വസ്ത്രധാരണ രീതി ഇന്നാരും അനുകരിക്കാറില്ല (നാടൻ അടിവസ്ത്രവും ഒറ്റമുണ്ടും). എന്നാൽ വിശ്വാസ വ്യാഖ്യാനങ്ങളുടെ കാര്യം വരുമ്പോൾ അവരുടേതു തെറ്റാണെങ്കിലും ഞങ്ങൾക്കതുമതി എന്ന് ശഠിക്കുന്നത് ഒരു കാപട്യമല്ലേ? ദൈവവചനത്തേക്കാളും അപ്പൊസ്തല പാരമ്പര്യത്തെക്കാളുമധികം പ്രാധാന്യം വെറും 90 വർഷത്തെ പാരമ്പര്യത്തിന് കൊടുക്കുകയല്ലേ? ഞാൻ പിടിച്ച മുയലിന് മൂന്ന് കൊമ്പുണ്ടെന്ന് പറയുന്നതിന് തുല്യമല്ലേ? പിതാക്കന്മാർ മൂന്നു തലമുറ വരെ ഉള്ളോ? അതിന് മുമ്പുള്ള പിതാക്കന്മാർ ആരാണ്? അവരുടെ അതിര് മാറ്റിയതും മാന്തിയതും ആരാണ്?

ഈ ലക്കത്തിലെ ചോദ്യോത്തരവേദിയോട് വിയോജിക്കുന്നവർ, പത്രമോഫീസിലേക്ക് വിയോജനക്കുറിപ്പ് എഴുതി അറിയിക്കേണ്ടതാണ്. 'കാരണം വചനം ഇപ്രകാരം രേഖപ്പെടുത്തുന്നു: "നിങ്ങളിൽ ഉത്തമരായവർ ആരാണെന്നു വെളിപ്പെടേണ്ടതിന് നിങ്ങളുടെ ഇടയിൽ ഭിന്നത ഉണ്ടാകേണ്ടതാണ്" (1 കൊരി. 11:19). "ഇരുമ്പ് ഇരുമ്പിനു മൂർച്ച കൂട്ടുന്നു; അതുപോലെ മനുഷ്യൻ മനുഷ്യനു മൂർച്ച കൂട്ടുന്നു" (സദൃശ്യവാക്യങ്ങൾ 27:17).

## 01 സൗദി രാജകുമാരൻ....

ക്കാരുടെ ദുരിതങ്ങൾക്ക് അറുതി വരുത്തുവാൻ ബിഷപ്പ് രാജകുമാരനോട് ആവശ്യപ്പെട്ടു.

സൗദിയിൽ ക്രൈസ്തവർ നേരിടുന്ന മതപീഢയും നിയന്ത്രണങ്ങളും ബിഷപ്പ് ചൂണ്ടിക്കാട്ടി. ഇംഗ്ലണ്ടിലെപ്പോലെ എല്ലാ മതങ്ങൾക്കും സ്വാതന്ത്ര്യം ഉള്ള ഒരു അവസ്ഥ സൃഷ്ടിച്ചെടുക്കാൻ ബിഷപ്പ് രാജകുമാരനെ ഉപദേശിച്ചു. ഒരു മണിക്കൂർ നീണ്ട ചർച്ചയ്ക്കിടക്ക് ആർച്ച് ബിഷപ്പ് വെൽബി ക്രിസ്ത്യൻ, ഇസ്ലാം, യഹൂദ വിശ്വാസങ്ങളുടെ ഏറ്റവും പുരാതനമായ ലിഖിതങ്ങൾ രാജകുമാരനെ കാണിച്ചു. ഇംഗ്ലണ്ടിലേക്കുള്ള മൂന്ന് ദിവസത്തെ സന്ദർശനത്തിന് മുമ്പ് സൗദി രാജകുമാരൻ ഈജിപ്റ്റിലെ കോപ്റ്റിക് ഓർത്തഡോക്സ് സഭയുടെ മേലാധികാരി പോപ്പ് തവർഡോസ് രണ്ടാമനെ സഭയുടെ ആസ്ഥാനമായ സെന്റ് മാർക്ക്സ് കത്തിഡ്രലിൽ പോയി കണ്ടിരുന്നു. അതുപോലെ തന്നെ യിസ്രായേലിലേക്കുള്ള എയർ ഇന്ത്യ വിമാനങ്ങൾക്ക് സൗദിക്ക് മുകളിലൂടെ പറക്കുന്നതിനുള്ള നിയന്ത്രണങ്ങൾ സൗദി ഭരണകൂടം രണ്ടാഴ്ച മുമ്പ് പിൻവലിച്ചിരുന്നു.

## ബൈബിൾ ക്ലാസ്സ്

**നിരണം:** യു. പി. എഫിന്റെ ആഭിമുഖ്യത്തിൽ ഏപ്രിൽ 2,3,4 തീയതികൾ വളഞ്ഞവട്ടം ശാരോൻ ഹാളിൽ ബൈബിൾ ക്ലാസ് വൈകിട്ട് നടക്കും. പാസ്റ്റർ എബി ഐരൂർ ശുശ്രൂഷിക്കും.

# പെന്തക്കൊസ്തൽ അസംബ്ലി മസ്ക്കറ്റ് ഭരണസമിതി


പാസ്റ്റർ കെ. എ. ജോൺ


ജോർജ്ജ് കെ സാമുവേൽ


വി. വി. വിൽസൺ

**മസ്ക്കറ്റ്:** പെന്തക്കൊസ്തൽ അസംബ്ലി മസ്ക്കറ്റ് (OPA) 2018 വർഷത്തേക്കുള്ള കൌൺസിലിനെ 16-03-2018 വെള്ളിയാഴ്ച്ച നടന്ന വാർഷിക പൊതുയോഗത്തിൽ വച്ച് തിരഞ്ഞെടുത്തു. ജോർജ്ജ് കെ സാമുവേൽ (സെക്രട്ടറി), സണ്ണി പി. തോമസ് (ജോയിൻറ് സെക്രട്ടറി). വി. വി. വിൽസൺ (ട്രഷറാർ), പി. ജെ. എബ്രഹാം (ജോയിൻറ് ട്രഷറാർ) എന്നിവർ തിരഞ്ഞെടുക്കപ്പെട്ടപ്പോൾ കൌൺസിൽ അംഗങ്ങളായി യഥാക്രമം അലക്സ് കെ ജോർജ്, ജേക്കബ് മാത്യു(ജിജി), അനു ജേക്കബ്, ഫെയിത്ത് എബ്രഹാം, ജെയിംസ് കെ. എബ്രഹാം, മോൻസി മാമ്മൻ എന്നിവർ എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടു. പി. എസ്. അലക്സാണ്ടർ, ഷിജു ചാക്കോ എന്നിവർ ഓഡിറ്റേഴ്സ് ആയും പ്രവർത്തിക്കും. നിലവിലെ പ്രസിഡൻറ് പാസ്റ്റർ കെ. എ. ജോൺ തന്റെ സേവനകാലാവധി അവസാനിക്കുന്ന 2018 മെയ് മാസം 31വരെ തൽസ്ഥാനത്തിൽ തുടരുകയും ചെയ്യും.

# സംയുക്ത വി.ബി.എസ്

**വേങ്ങൽ:** തിരുവല്ല വെസ്റ്റ് യു.പി.എഫിന്റെ സംയുക്ത വി.ബി.എസും ടീൻ ചലഞ്ചും ഏപ്രിൽ 2-6 വരെ രാവിലെ 8.30ന് വേങ്ങൽ ഐ.പി. സി. എബനേസർ ഹാളിൽ നടക്കും. ഏപ്രിൽ ഒന്നിന് 3.30ന് ടീച്ചേഴ്സ് ആൻഡ് ലീഡേഴ്സ് ട്രെയിനിംഗ് ഉണ്ടാകും. പാസ്റ്റർ സാം പി. ജോസഫ്, ജോജി ഐപ് മാത്യൂസ്, പാസ്റ്റർ ജോൺസൺ വി. തോമസ്, അലക്സാണ്ടർ തോമസ് തുടങ്ങിയവർ നേതൃത്വം നൽകും.

**നിരണം:** യു. പി. എഫിന്റെ ആഭിമുഖ്യത്തിൽ ഏപ്രിൽ 16-21 വരെ നിരണം ഐ.പി.സി. ടാബർനാക്കിൾ ഹാളിൽ വച്ച്. യു. പി. എഫ്. 15-ാമത് സംയുക്ത വി. ബി. എസ്. നടക്കും. എക്സൽ ടീം ക്ലാസ്സുകൾക്ക് നേതൃത്വം നല്കും. പാസ്റ്റർ ജോസ് ശാമുവേലിന്റെ അദ്ധ്യക്ഷതയിൽ പാസ്റ്റർ കെ. പി. കോശി ഉദ്ഘാടനം ചെയ്യും. ബിനോയ് മാത്യു, ബിബു ജേക്കബ് എന്നിവർ നേതൃത്വം നല്കും.

# 01 അസംബ്ലീസ് ഓഫ് ഗോഡ് മലയാളം...


പാസ്റ്റർ എം. എ. ഫിലിപ്പ്

തിരഞ്ഞെടുത്തത്. പുനലൂർ വർഷ കൺവൻഷൻ സെന്ററിൽ ആണ് കോൺഫറൻസ് നടത്തിയത്. വാശിയേറിയ വോട്ടെടുപ്പ് ആണ് ചില സ്ഥാനത്തേക്ക് നടന്നത്. മാസങ്ങൾക്കു മുൻപ് തന്നെ ടി. ജെ. പക്ഷം, പി. എസ്. പക്ഷം രണ്ട് പാനലുകൾ ആയി പ്രചരണം നടത്തിയിരുന്നു. സൂപ്രണ്ട് സ്ഥാനത്തേക്ക് ഡോ. പി. എസ്. ഫിലിപ്പ് രണ്ടാം ബാലറ്റിലാണ് ഡോ. ഐസക് വി. മാത്യുവിന് എതിരെ 1050ലധികം വോട്ടോടെ വിജയിച്ചത്.

അസിസ്റ്റന്റ് സൂപ്രണ്ട് സ്ഥാനത്തേക്ക് നടന്ന വാശിയേറിയ വോട്ടെടുപ്പ് 4-ാം ബാലറ്റ് വരെ നീണ്ടു. നോമിനേഷൻ ബാലറ്റിലും ആദ്യ ബാലറ്റിലും മുന്നിൽ നിന്ന പി. എസ്. പക്ഷക്കാരനായ പാസ്റ്റർ എം. എ. ഫിലിപ്പിനെ അട്ടിമറിച്ചാണ് ഡോ. ഐസക് വി. മാത്യു നാലാം ബാലറ്റിൽ 870-ൽ അധികം വോട്ട് നേടി വിജയിച്ചത്. അസംബ്ലീസ് ഓഫ് ഗോഡ് നിയമം അനുസരിച്ച് നോമിനേഷൻ ബാലറ്റിൽ 10%ത്തിലധികം വോട്ട് നേടുന്നവരുടെ പേരുകൾ മാത്രമേ പ്രഖ്യാപിക്കാറുള്ളൂ. പാസ്റ്റർ എം. എ. ഫിലിപ്പ്, ഡോ. ഐസക്. വി. മാത്യു, പാസ്റ്റർ യാഹ്ദത്ത് മണി എന്നിവരുടെ പേരുകൾ ചെയർമാൻ പാസ്റ്റർ റ്റി. ജെ. ശാമുവേൽ പ്രഖ്യാപിച്ചു. നോമിനേഷൻ ബാലറ്റിൽ 10% വോട്ട് നേടാതിരുന്ന യാഹ്ദത്ത് മണിയുടെ പേര് പ്രഖ്യാപിച്ചത് നിയമവിരുദ്ധം ആണെന്ന് ആരോപണം ഉയർന്നു. സെക്രട്ടറി തിരഞ്ഞെടുപ്പിനു മുമ്പ് ചെയർമാൻ കൗണ്ടിംഗിന് നേതൃത്വം നൽകിയവരുടെ അറിവില്ലായ്മകൊണ്ടാണ് സംഭവിച്ചത് എന്ന വിശദീകരണം പ്രതിനിധികളെ അറിയിച്ചു. തുടർന്ന് നടന്ന സെക്രട്ടറി തിരഞ്ഞെടുപ്പിൽ പാസ്റ്റർ റ്റി. വി. പൗലോസ് രണ്ടാം ബാലറ്റിൽ 948ലധികം വോട്ടോടെയാണ് പാസ്റ്റർ ഫിന്നി ജോർജിനെതിരെ വിജയിച്ചത്. ഖജാൻജിയായി പാസ്റ്റർ എ. രാജൻ, കമ്മറ്റിയംഗമായി പാസ്റ്റർ എം. എ. ഫിലിപ്പ് 800ലധികം വോട്ട് നേടി വിജയിച്ചു.

സൂപ്രണ്ട് ആയി തിരഞ്ഞെടുക്കപ്പെട്ട ഡോ. പി. എസ്. ഫിലിപ്പ്. കഴിഞ്ഞ ടേമിൽ അസിസ്റ്റന്റ് സൂപ്രണ്ട് ആയിരുന്നു. മുമ്പ് പല പ്രാവശ്യം സൂപ്രണ്ടായി സേവനം ചെയ്തിട്ടുണ്ട്. പത്തനംതിട്ട തോന്നിയാമല സ്വദേശിയായ ഡോ. പി. എസ്. ഫിലിപ്പ് ദീർഘവർഷങ്ങളായി പുനലൂരിലാണ് താമസം. ബെഥേൽ ബൈബിൾ കോളജ് പ്രിൻസിപ്പൽ എന്ന ചുമതലയിൽ 25 വർഷം തുടർച്ചയായി സേവനം ചെയ്ത് റിക്കോർഡിന് ഉടമയാണ്.

അസിസ്റ്റന്റ് സൂപ്രണ്ട് ആയി തിരഞ്ഞെടുക്കപ്പെട്ട ഡോ. ഐസക് വി. മാത്യു വേദാദ്ധ്യാപകൻ, കൺവൻഷൻ പ്രസംഗകൻ, കൗൺസിലിംഗ് രംഗത്ത് ശ്രദ്ധേയൻ, മികച്ച സംഘാടകനും കൂടിയാണ്. സെറാംപൂർ യൂണിവേഴ്സിറ്റിയിൽ നിന്നും സൈക്കോളജിയിൽ ഡോക്ടറേറ്റ് നേടിയ ആദ്യപെന്തെക്കോസ്ത് വിശ്വാസിയാണ്. സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ റ്റി. വി. പൗലോസ്. ഏ. ജി. മധ്യമേഖല ഡയറക്ടറും, സീനിയർ ശുശ്രൂഷകനും ആണ്. ഖജാൻജിയായി തിരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ എ. രാജൻ മുമ്പും ഈ പദവിയിൽ ഇരുന്ന വ്യക്തിയാണ്. തെക്കെൻ മേഖലയിലെ മുതിർന്ന നേതാക്കളിൽ ഒരാളാണ്. അസംബ്ലീസ് ഓഫ് ഗോഡ് ജനറൽ കൺവൻഷൻ കോ-ഓർഡിനേറ്റർ എന്ന നിലയിലും പ്രവർത്തിച്ചിട്ടുണ്ട. വിഴിഞ്ഞം സെക്ഷനിൽ ദീർഘവർഷങ്ങളായി ശുശ്രൂഷകനായിരിക്കുന്നു.

കമ്മറ്റിയംഗമായി തിരഞ്ഞെടുത്ത പാസ്റ്റർ എം. എ. ഫിലിപ്പ് കൺവൻഷൻ പ്രസംഗകനും മികച്ച സംഘാടകനുമാണ്. ഉത്തരമേഖല ഡയറക്ടർ ആയിരുന്നു. കമ്മറ്റിയംഗമായി മുമ്പും പ്രവർത്തിച്ചിട്ടുണ്ട്.

# 5-ാമത് ബൈബിൾ ക്വിസ്സ്

**കടപ്ര:** നിരണം യു.പി. എഫിന്റെ ആഭിമുഖ്യത്തിൽ 5-ാമത് ബൈബിൾ ക്വിസ്സ് പ്രോഗ്രാം ഏപ്രിൽ 8 ഞായർ 2 പി.എം. മുതൽ കടപ്ര ശാരോൻ ഹാളിൽ വച്ച് നടക്കും. മുൻകൂട്ടി രജിസ്റ്റർ ചെയ്ത നിരണം യു. പി. എഫിന്റെ പരിധിയിലുള്ള സഭാംഗങ്ങൾക്ക് മത്സരത്തിൽ പങ്കെടുക്കാം. രജിസ്റ്റർ ഫീസ് 100 രൂപ. വിജയികൾക്ക് ട്രോഫിയും, ക്യാഷ്പ്രൈസും ലഭിക്കും. പാസ്റ്റർ ബിനോയ് മാത്യു, മാത്യു ജോർജ്ജ്, ബിബു ജേക്കബ്, തോമസ് ബേബി എന്നിവർ നേതൃത്വം നല്കും.






MOB: 944736879, TEL: 0469 2666995
beljourn@gmail.com
beljourn.com/ www.bjournal.org
VOL 11, ISSUE 06

BELIEVERS JOURNAL
PUBLISHED ON 25/03/2018

BELIEVERS JOURNAL
P. O. Box: 31, Manjadi P.O.,
Thiruvalla - 689 105
Posted at RMS Thiruvalla

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2018-20 | Price: ₹10

NOT TO BE SERVED
BUT TO SERVE

# You too can take part in the ministry of Sacred Hands of Hope....







## Go and Send

**We invite you to participate in the mission of Sacred Hands of Hope and India Christian Assembly**

## *How to participate...*

- ★ Pray for this ministry
- ★ Be a mission or social volunteer
- ★ Assist financially (for meal and dress distribution, orphanages and tailoring schools)
- ★ Introduce this ministry to others



Rev. Santhosh Podimala



Dr. Nestor Bunda

Sacred Hands of Hope Indian Ministries
Post Box No: 429
Allen, Texas 75013, USA
Ph : 972 475 7778
Mobile: 214 929 3370

Website: www.sacredhandsofhope.org.
E-mail: sacredhandsofhope@gmail.com

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.